# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 10/1144/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/09/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി 10/1144/23 തീയ്യതി: 26/09/2023

## തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2023 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 10-07-2023 | 21-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-07-2023 | 21-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാഹുൽ.എസ്.എം. | കൃഷി ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി അനുചിത്ര.വി.എൽ. | കൃഷി ഓഫീസർ | 01-06-2022 | 31-07-2022 |
| ശ്രീ. സാബിർ.ബി. | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |
| ഡോ. സോഫിയ.എ. | വെറ്റിനറി സർജൻ | 01-04-2022 | 13-10-2022 |
| ഡോ. ജിഷ.എം.നായർ | വെറ്റിനറി സർജൻ | 14-10-2022 | 31-03-2023 |
| ഡോ. ഭാഗ്യലക്ഷ്മി.എ. | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി. | 01-04-2022 | 25-10-2022 |
| ഡോ. അശ്വതി.എസ്. | മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി. | 26-10-2022 | 31-03-2023 |
| ഡോ. സുനിൽകുമാർ.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 19-04-2022 |
| ഡോ. ഷീജ രാജൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 20-04-2022 | 15-06-2022 |
| ഡോ. തുശല.ആർ.ഐ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 16-06-2022 | 31-03-2023 |
| ഡോ. ഗണേഷ് ബാബു.ആർ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി സിനി.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2 | 01-04-2022 | 31-03-2023 |
| ശ്രീമതി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഇന്ദു.ഐ.എസ്. | | | |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു.ജെ.എൽ. | അസിസ്റ്റന്‍റ് എഞ്ചിനീയർ | 01-04-2022 | 07-10-2022 |
| ശ്രീമതി ദീപ.ഡി.ആർ. | അസിസ്റ്റന്‍റ് എഞ്ചിനീയർ | 08-10-2022 | 12-10-2022 |
| ശ്രീ. അശോക്.ആർ. | അസിസ്റ്റന്‍റ് എഞ്ചിനീയർ | 13-10-2022 | 31-03-2023 |
| ശ്രീ. സജികുമാർ.വി. | എച്ച്.എം. | 01-04-2022 | 31-03-2023 |
| ശ്രീ. പ്രഭുലാൽ.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ബോബി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 03-11-2022 |
| ശ്രീ. വിനോദ് കുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ശ്രീമതി ഷൈലാബീവി.എ. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ര്‍** |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രികയുടെ പരിശോധനയില്‍ കണ്ടെത്തിയ അപാകങ്ങള്‍ | 1-1-1 |
| 3 | ബാങ്കില്‍ നിക്ഷേപിച്ച ഡി.ഡി ക്രെഡിറ്റ് ആയിട്ടില്ല | 1-1-2 |
| 4 | അഡ്വാന്‍സ് രജിസ്റ്റര്‍ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അഡ്വാന്‍സ് തുകകള്‍ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-1-5 |
| 7 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച നിക്ഷേപ പ്രവൃത്തികളുടെ ചെലവ് അഡ്വാന്‍സ് ഹെഡില്‍ ക്രമീകരിച്ചിട്ടില്ല. | 1-1-6 |
| 8 | സ്റ്റോക്ക് മൂല്യനിര്‍ണയം നടത്തുന്നില്ല. | 1-1-7 |
| 9 | ഫിക്സഡ് അസറ്റുകള്‍ക്ക് ഡിപ്രീസിയേഷന്‍ കണക്കാക്കിയിട്ടില്ല. | 1-1-8 |
| 10 | വാതില്‍പ്പടി സേവനത്തിനായി ആരംഭിച്ച അക്കൗണ്ട് വാര്‍ഷിക ധനകാര്യപത്രികയില്‍ ഉള്‍പ്പെട്ടിട്ടില്ല. | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഭൂജല വകുപ്പിന് നല്‍കിയതില്‍ തിരികെ ലഭ്യമാക്കിയ തുക ഓഡിറ്റ് റിക്കവറി ഇനത്തില്‍ തെറ്റായി രസീത് ചെയ്തു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ബജറ്റ് - അപാകങ്ങള്‍ | 1-2-1 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | ഗ്രാന്റ് തുകകള്‍ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-4-1 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികള്‍ | 1-6 |
| 19 | മരണശേഷം സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ അനുവദിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ് | 1-6-1 |
| 20 | ക്യാഷ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 23 | മറ്റ് ഓഡിറ്റുക**ള്‍** നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തുനികുതി - കെട്ടിടങ്ങളുടെ വിവരങ്ങള്‍ സഞ്ചയ സോഫ്റ്റ് വെയറില്‍ ഉള്‍പ്പെടുത്തിയിട്ടില്ല | 1-11 |

| | | |
|---|---|---|
| 25 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-12 |
| 26 | ലേലകുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കണം. | 1-13 |
| 27 | ചെക്കാലവിളാകം മാർക്കറ്റ് കടമുറി വാടക - കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല. | 1-14 |
| 28 | ലേലം - കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കേണ്ടതാണ് | 1-15 |
| 29 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-16 |
| 30 | പൊതു കുളങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ സാധ്യത പരിശോധിക്കപ്പെടണം. | 1-17 |
| 31 | ഫലവൃക്ഷതൈ വിതരണം പദ്ധതി - വാഴവിത്ത് വിതരണമായി പരിമിതപ്പെട്ടു. | 1-18 |
| 32 | കാർഷിക മേഖല - അവലോകനം | 1-19 |
| 33 | മുറ്റത്തൊരു മീൻതോട്ടം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-20 |
| 34 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-21 |
| 35 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. | 1-22 |
| 36 | കുടിവെള്ളക്കര കുടിശ്ശിക - ഫൈൻ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-23 |
| 37 | വാട്ടർടാങ്ക് വിതരണം, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-24 |
| 38 | കന്നുകുട്ടി പരിപാലനം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 39 | കീഴാറ്റിങ്ങൽ എൽ.പി.എസിന് ക്ലാസ് റൂം - ചെലവ് 20,33,282/- രൂപ - പ്രോജക്ട് അംഗീകാരം വാങ്ങി നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കിയില്ല. | 1-26 |
| 40 | അയ്യംപുതുക്കൽ ഓട നവീകരണം - കൃത്യമായ സ്ഥലപരിശോധനയുടെയും വ്യക്തമായ എസ്റ്റിമേറ്റിന്റെയും അഭാവത്തിൽ പ്രവൃത്തി നിർവ്വഹണം - 26,323 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 41 | ഹോമിയോ മരുന്നുകൾ ലഭ്യമായില്ല. | 1-28 |
| 42 | എഫ്.എച്ച്.സി - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-29 |
| 43 | സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-30 |
| 44 | പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ കൃത്യമായും പാലിക്കേണ്ടതാണ് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01.07.2023 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

വാർഷിക അനുപാതങ്ങൾ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഭാവിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023 – ന്റെ മറുപടി).

### 1-1-2 ബാങ്കിൽ നിക്ഷേപിച്ച ഡി.ഡി ക്രെഡിറ്റ് ആയിട്ടില്ല

കാനറ ബാങ്ക് തനത് ഫണ്ട് (അക്കൗണ്ട് നം - 40092200097029) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഡി.ഡി നം 394972/ 30.09.2021 പ്രകാരം ലഭിച്ച 1250/- രൂപ "Cheque Deposited But Not Collected" ആയി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക ബാങ്ക് ട്രാൻസാക്ഷൻ പൂർത്തിയാക്കുന്നതിൽ അപാകത സംഭവിച്ചതിനാൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ലായെന്നും, വിവരം രേഖാമൂലം ബാങ്കിൽ നിന്നും ആരാഞ്ഞ് അക്കൗണ്ടിലേയ്ക്ക് വരവ് വച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023 – ന്റെ മറുപടി).

### 1-1-3 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42100073/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42100074/31.03.2023 |
| 110200101 | Profession Tax - Institutions | 42100042/31.03.2023 |

ഓഡിറ്റ് നിർദ്ദേശം പാലിച്ച് ഭാവിയിൽ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നതാണെന്ന് മറുപടി ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023 ) ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-5 അഡ്വാൻസ് തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻസ് തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| 460100101 | Festival Advance | 9000 | 2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച തുക (ബന്ധപ്പെട്ട ലെഡ്ജറുകൾ പ്രകാരം) |
| 460100199 | Other Advances | 27200 | |

അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അഡ്വാൻസ് തുകകൾ ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

### 1-1-6 വിനിയോഗ സാക്ഷ്യപത്രം ലഭിച്ച നിക്ഷേപ പ്രവൃത്തികളുടെ ചെലവ് അഡ്വാൻസ് ഹെഡിൽ ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | 2021-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂപ) | 2022-23 വർഷത്തെ നിക്ഷേപം (രൂപ) | ആകെ (രൂപ) | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂപ) | നീക്കിയിരിപ്പ് | 2022-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|---|
| 460500202 | Advance To KSEB | 4001628 | 228150 | 4229778 | 175000 | 4054778 | 4229778 |

പ്രോജക്ട് നമ്പർ 27/23, പോസ്റ്റ് ഷിഫ്റ്റിങ്ങിനായി 103032/- രൂപയും, പ്രോജക്ട് നമ്പർ 31/23, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനായി 125118/- രൂപയും ചേർത്ത് തൻവർഷം 228150/- രൂപ കെ.എസ്.ഇ.ബി യ്ക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി യ്ക്ക് 2022-23 സാമ്പത്തിക വർഷം വരെ അനുവദിച്ചിട്ടുള്ള 4229778/- രൂപയുടെ

നിക്ഷേപ പ്രവൃത്തികൾക്ക് 20.09.2022 ലെ DB/UC-KDKVR-GP/2022-23/90 നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 175000/- രൂപ വിവിധ പ്രോജക്ടുകൾക്കായി വിനിയോഗിച്ചതായി കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023 ന്റെ മറുപടി). എന്നാൽ, പ്രസ്തുത തുക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-7 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-8 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assets ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. 2022-23ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ 2021-22 സാമ്പത്തിക വർഷത്തെ B-11(a) ഷെഡ്യൾ പ്രകാരമുള്ള അതേ തുകയാണ് Accumulated Depreciation ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് കോഡ് (2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം) | ഇനം |
|---|---|---|
| 1 | 416100102 | Accumulated Depreciation-Roads & Bridges |
| 2 | 416100103 | Accumulated Depreciation-Sewerage & Drainage |
| 3 | 416100104 | Accumulated Depreciation-Waterways |
| 4 | 416100105 | Accumulated Depreciation-Public Lighting |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.07.2023) മറുപടിയായി ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്റ്റേറ്റ്മെന്റിലും മുകളിൽ സൂചിപ്പിച്ച ഇനങ്ങളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-9 വാതിൽപ്പടി സേവനത്തിനായി ആരംഭിച്ച അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, കോ-ഓർഡിനേറ്റർ എന്നിവരുടെ പേരിൽ അക്കൗണ്ട് തുടങ്ങണമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 13/04/2022 -ലെ 1(5) നമ്പർ തീരുമാന പ്രകാരം പ്രസിഡന്റ്, കോ-ഓർഡിനേറ്റർ എന്നിവരുടെ പേരിൽ കാനറ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങുന്നതിനു തീരുമാനമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 25.04.2022ൽ കാനറ ബാങ്കിൽ അക്കൗണ്ട് (നമ്പർ 110046644834) ആരംഭിച്ചതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.07.2023) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് RP 40(b) യിൽ ഉൾപ്പെട്ടിട്ടില്ല. 2022- 23 സാമ്പത്തിക വർഷം പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട ആരംഭിച്ച കാനറ ബാങ്ക് അക്കൗണ്ടിന്റെ വിവരം RP 40(b)യിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-10 ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഭൂജല വകുപ്പിന് നൽകിയതിൽ തിരികെ ലഭ്യമാക്കിയ തുക ഓഡിറ്റ് റിക്കവറി ഇനത്തിൽ തെറ്റായി രസീത് ചെയ്തു

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഹെഡ് കോഡ് 350300110 Government And Other Dues - Audit Recovery ഇനത്തിൽ 2884/- രൂപ നിലനിൽക്കുന്നു. 2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണർ നിർമ്മാണത്തിനായി (പ്രോജക്ട് നമ്പർ 288/21) ഭൂജലവകുപ്പിന് കൈമാറിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ 250000/- രൂപയിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 247116/- രൂപ ചെലവഴിച്ചതിനാൽ ബാക്കി തുകയായ 2884/-

രൂപ ഭൂജല വകുപ്പിൽ നിന്ന് തിരികെ ലഭ്യമാക്കുന്നതിനോ വരും വർഷ പ്രോജക്ടുകളിൽ നിന്ന് ക്രമീകരിക്കുന്നതിനോ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂജലവകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കിയ തുകയായ 2884/-രൂപയാണ് അഡ്വാൻസ് തുകയിൽ ക്രമീകരിക്കുന്നതിന് പകരം ഓഡിറ്റ് റിക്കവറി ഹെഡിൽ തെറ്റായി രസീത് ചെയ്തത്. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക ടയൽ ബാലൻസ് പ്രകാരം ഭൂജലവകുപ്പിന് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ B- 9 ഷെഡ്യൂളിൽ നിലനിൽക്കുന്ന 2884/- രൂപ ROP അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/19.07.2023 ) മറുപടിയായി അറിയിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ നൽകിയ തുകയിൽ തിരികെ ലഭിച്ച തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 30/3/22-ലെ 4(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5128889 |
| വരവ് | 278825422 |
| ആകെ | 283954311 |
| ചെലവ് | 277701572 |
| നീക്കിയിരിപ്പ് | 6252739 |

സർക്കാർ/ ഇതര ഗ്രാന്റുകളുടെ വരവിൽ കുറവുണ്ടായതിന്റെയും, വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 3-3-23-ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|
| വസ്തു നികുതി | 4000000 | 2972956 |
| സേവന നികുതി | 60000 | 32521 |
| തൊഴിൽ നികുതി | 2000000 | 1738330 |
| പരസ്യ നികുതി | 50000 | - |
| സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 400000 | 85932 |
| ഓഡിറ്റോറിയം / ഹാൾ വാടക | 50000 | 100 |

കേരള സ്റ്റേറ്റ് ജി.എസ്.ടി ആക്റ്റ്, 2017 വകുപ്പ് 173 ഉപവകുപ്പ് (Vi) പ്രകാരം പരസ്യനികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകിയിരുന്ന 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, പരസ്യ നികുതി ഇനത്തിൽ 50000/- രൂപ പ്രതീക്ഷിത വരവായി ബജറ്റിൽ

രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/ 21.07.2023) മറുപടിയായി വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ വർദ്ധനവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയതെന്നും പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ലായെന്നും അറിയിച്ചിട്ടുണ്ട്. മാർക്കറ്റ് നവീകരണത്തിന്റെ ഭാഗമായി കടമുറികൾ പൊളിച്ച മാറ്റിയത് വാടക ഇനത്തിലെ വരുമാന ഇടിവിനും കാരണമായിട്ടുണ്ട്. പരസ്യ നികുതി ഇനത്തിലെ വരവ് തെറ്റായി കടന്ന കൂടിയതാണെന്നും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവിൽ നിന്നും യഥാർത്ഥ വരവിലുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കിയിട്ടില്ല. വരവ് ചെലവ് തുകകളെ ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 12041259 |
| ഓഡിറ്റ് വർഷത്തെ വരവ് | 36673153 |
| ആകെ | 48714412 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38444694 |
| നീക്കിയിരിപ്പ് | 10269718 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 17,18,31,500 /- രൂപയും ചെലവ് 17,05,19,775/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12346338 | 12346338 | 12715393 | -369055 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10921691 | 10921691 | 10083580 | 838111 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 8110883 | 8110883 | 4501050 | 3609833 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2544004 | 2544004 | 2750457 | -206453 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 22831000 | 22831000 | 13223641 | 9607359 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5802000 | 5802000 | 5754666 | 47334 |
| CSS | 0 | 0 | 0 | 1645500 | -1645500 |
| Sss | 0 | 0 | 0 | 1820000 | -1820000 |

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും അവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ ( 14/19.07.2023) മറുപടിയും ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12715393 | 10590731 | 12715393 |
| വികസന ഫണ്ട് ( എസ്.സി.പി) | 10083580 | 942871 | 10083580 |

| | | | |
|---|---|---|---|
| വികസന ഫണ്ട് ( CFC Tied) | 4501050 | 4501050 | 4517804 |
| വികസന ഫണ്ട് ( CFC Untied) | 2750457 | 2750457 | 2761748 |

വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി എന്നീ ഫണ്ടുകളിലെ വ്യത്യസം ജി.ഒ പ്രോജക്ടിനായി വകയിരുത്തിയ തുകയും, CFC Tied, CFC Untied എന്നിവയിലെ വ്യത്യാസം GST ഡിഡക്ഷൻ ചെയ്ത തുകയാണെന്നും വിശദീകരിച്ചിട്ടുണ്ട്.

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % | വിഹിതം പൂർണമായും ചെലവഴിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 4877653 | 4042888 | 82.89 | 1. ഫണ്ട് ലഭ്യത ഉറപ്പാക്കാൻ സാധിച്ചില്ല.<br>2. സാമ്പത്തിക വർഷം അവസാനം ഫണ്ട് ലഭിച്ചതിനാൽ ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിന് സാവകാശം ലഭിച്ചില്ല. |
| | പട്ടിക ജാതി | 584400 | 489900 | 83.83 | |
| സേവനം | പൊതുവിഭാഗം | 38639037 | 26361631 | 68.23 | 1. സാമ്പത്തിക വർഷം അവസാനം ഫണ്ട് ലഭിച്ച<br>2. വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി ഏറ്റെടുത്ത കരാറുകാരൻ ആവശ്യപ്പെട്ട കട്ടിലുകൾ പൂർണമായും വിതരണം ചെയ്തില്ല |
| | പട്ടിക ജാതി | 19056309 | 9038773 | 47.43 | |
| പശ്ചാത്തലം | പൊതുവിഭാഗം | 29697088 | 14736888 | 49.62 | പതിനഞ്ചോളം പദ്ധതികളുടെ ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ നടപടികളിൽ ആരും പ്രവൃത്തി ഏറ്റെടുത്തില്ല |
| | പട്ടിക ജാതി | 3150000 | 1424907 | 45.24 | |

പദ്ധതി വിഹിതം പാഴാക്കാതെ ലഭിക്കുന്ന തുക പൂർണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)സംയുക്ത പ്രോജക്കുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്കുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്കുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്കുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്കുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700101 | മുനിസിപ്പാലിറ്റി | 1700000 |

| | | | |
|---|---|---|---|
| 2 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 10556025 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് | 12150 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കുന്നതാണെന്നും ഏതെങ്കിലും കാരണവശാൽ ആയതിന് കഴിയാത്ത പക്ഷം തുകകൾ തിരികെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2673560 | 1970940 | 73.72 |
| കുട്ടികൾ | 826510 | 676860 | 81.89 |
| വൃദ്ധർ | 784730 | 315000 | 40.14 |
| ഭിന്നശേഷിയുള്ളവർ | 225000 | 71549 | 31.8 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 300000 | 200000 | 66.67 |
| പാലിയേറ്റീവ് കെയർ രോഗികൾ | 622960 | 249999 | 40.13 |

വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| വൃദ്ധർ | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 349730 |
| ഭിന്നശേഷിയുള്ളവർ | സ്പീച്ച് ഒക്യൂപ്പേഷണൽ ബിഹേവിയർ തെറാപ്പി പഞ്ചായത്ത് വിഹിതം ഒടുക്കൽ | 100000 |
| പാലിയേറ്റീവ് കെയർ രോഗികൾ | ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം | 372960 |

പാലിയേറ്റീവ് പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയതായി വിശദീകരിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങൾക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതികൾ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല. പദ്ധതി രൂപീകരണ സമയത്ത് മേൽത്തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പദ്ധതികൾ മാത്രമാണ് ഉൾപ്പെടുത്തുന്നതെന്നും വരും വർഷങ്ങളിൽ പരാമർശം മേൽത്തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപെടുത്തി സംയുക്ത പദ്ധതികൾ ഏറ്റെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

6) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ , അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും

പദ്ധതി നടപ്പാക്കിയിട്ടില്ല. നിരാലംബരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും സുരക്ഷിതത്വവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന പ്രസ്തുത പദ്ധതി നടപ്പാക്കാത്തതിന്റെ കാരണമായി അതിദരിദ്രരായി പഞ്ചായത്തിലുള്ള ആറുപേർക്കും അവരുടെ ആവശ്യപ്രകാരം റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ ലഭ്യമാക്കിയിട്ടുള്ളതായും ആയതിനാൽ തുക ചെലവഴിക്കേണ്ടി വന്നിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്.

## 1-4-1 ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് (2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം) | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100195 | Grants / Funds For Epidemic Control | 100098 |
| 320100197 | Literacy Scheme Grant | 82048 (മുൻവർഷത്തെ തുക 79711+ പലിശ 2337) |
| 320200105 | CFC Performance Grant | 3865093 |
| 320200207 | Fund For Transferred Institutions - Ayurveda Capital | 329694 |
| 320700101 | Contributions For Joint Venture Projects (For Capital Expenditure) -From Municipalities | 1700000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 12150 |

മേൽ തുകകൾ നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023 – ന്റെ മറുപടി). പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന Grants / Contributions തുകകൾ യഥാസമയം പൂർണമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2021—22, 2022-23 വർഷങ്ങളിൽ മേൽ ഇനങ്ങൾ ചേർക്കുന്ന അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിട്ടുണ്ട്. ആയത് വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

### ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് പദ്ധതി നടത്തിപ്പിനായി ബജറ്റ് വിഹിതമായി ലഭിച്ച തുക, വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക, ചെലവഴിക്കാനാകാതെ ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 14471000 | 12715393 | 1755607 |
| വികസനഫണ്ട് എസ്.സി.പി | 11577000 | 10083580 | 1493420 |


| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 5802000 | 5754666 | 47334 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22831000 | 13223641 | 9607359 |
| ആകെ | 54681000 | 41777280 | 12903720 |

*ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.*

*(1)*




*(2)*




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് (2021-22 B4 ഷെഡ്യൂൾ പ്രകാരം) | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ് + പലിശ) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 5532561 | 8110883 | 13643444 | 4501050 | 9142394 | 8312453 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 392031 | 2544004 + 116596 * | 3052631 | 2750457 | 302174 | 290694 |

* പലിശ

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1 | 1174500 | 894910 | 76 |
| വെറ്ററിനറി സർജൻ | 14 | 14 | 0 | 2583400 | 2099058 | 81 |
| മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | 14 | 13 | 1 | 4906317 | 4015722 | 82 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 0 | 400000 | 400000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 22 | 4 | 27739193 | 12572026 | 45 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 12 | 2 | 4224030 | 3494632 | 83 |
| സെക്രട്ടറി | 39 | 30 | 9 | 9446007 | 7038961 | 75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 47 | 31 | 39608573 | 20661699 | 52 |
| ഹെഡ് മാസ്റ്റർ | 10 | 10 | 0 | 2444990 | 2128280 | 87 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1474793 | 1378220 | 94 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 1 | 1604684 | 979083 | 61 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 148000 | 87000 | 59 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 16186242 | 12715393 | 79 |

| | | | |
|---|---|---|---|
| എസ്.സി.പി. | 12232309 | 10083850 | 82 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10670441 | 7251507 | 68 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2852539 | 1645500 | 58 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8200000 | 1820000 | 22 |
| തനത് ഫണ്ട് | 2646300 | 877736 | 33 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 2998475 | 1132302 | 38 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 5755467 | 1261375 | 22 |
| മെയിന്റനൻസ് റോഡ് | 27642919 | 13223641 | 48 |
| മെയിന്റനൻസ് റോഡിതരം | 6420062 | 5754666 | 90 |
| മറ്റുള്ളവ | 24901283 | 3667500 | 15 |
| ആകെ | 120905770 | 59667087 | 49 |

ഡി) ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 317996/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി.പി) എന്ന പദ്ധതി പ്രകാരം ഈടാക്കിയതും ജലജീവൻ മിഷനുവേണ്ടി വാട്ടർ അതോറിയിറ്റിൽ നൽകേണ്ട തുകയുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 152 ടാങ്കുകൾ വിതരണം ചെയ്യേണ്ടിയിരുന്നുവെങ്കിലും ടെണ്ടർ നൽകിയ സ്ഥാപനം ടാങ്കുകൾ പൂർണമായി വിതരണം ചെയ്തില്ലായെന്നും 2023-24 സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കിയെന്നും തുക കരാറുകാരന് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജലജീവൻ മിഷന് വേണ്ടി സ്വീകരിച്ച തുക വാട്ടർ അതോറിറ്റിയിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അടവാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 13/19.07.2023).

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 212 | 163 | 49 | 96004487 | 55999587 | 58 |

<u>ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ഭരണസമിതിയുടെ 2(1)/19.11.2022-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/14.07.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം - ഉപപദ്ധതി തയ്യാറാക്കുന്നതിനായി 05.01.2022ന് 9 അംഗങ്ങൾ പങ്കെടുത്ത യോഗവും, 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 05.05.2022ന് 14 പേർ പങ്കെടുത്ത യോഗവും മാത്രമാണ് ആസൂത്രണ സമിതി കൂടിയിട്ടുള്ളത്.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പ്.</u>

ഭരണസമിതി തീരുമാനം 2(1)/19.11.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം രണ്ട് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 03/14.07.2023ന്റെ മറുപടി) |
|---|---|---|---|---|
| I | വനിത വികസനം | 11.01.2022 | സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടവും | സ്വന്തമായി സ്ഥലമില്ലാത്ത ഒന്നാം വാർഡിലെയും അഞ്ചാം വാർഡിലെയും അങ്കണവാടികൾക്ക് വേണ്ടി നിലവിൽ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. നാലാം വാർഡിലെ എ.കെ. നഗർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| Ii | പൊതുമരാമത്ത് | 11.01.2022 | 3-ാം വാർഡിൽ കീഴതിൽ റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡ് കോൺക്രീറ്റിംഗ്. | വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| Iii | സാമൂഹ്യ നീതി | 11.01.2022 | 79-ാം നമ്പർ അങ്കണവാടിക്ക് വാട്ടർടാങ്ക് | ടാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| Iv | കൃഷി | 11.01.2022 | കർഷകന്റെ ഉല്പന്നങ്ങൾ സംഭരിച്ച് വിൽക്കുന്നതിന് എല്ലാ ദിവസവും വിപണി. | വിപണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി കുടുംബശ്രീ വഴിയുള്ള ആഴ്ച ചന്തകളും പ്രയോജനപ്പെടുത്തുന്നതാണ്. |
| V | കുടിവെള്ളം ശുചിത്വം | 11.02.2022 | എം.സി.എഫിന്റെ നിർമ്മാണം വേഗത്തിലാക്കുക | നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>.

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 1(6)/07.02.2023-ാം നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 03/14.07.2023ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | അതീവ ഗുരുതരം | നെൽകൃഷി ജലദൗർലഭ്യം | തോടുകളിലേയും മറ്റ് ജലാശയങ്ങളിലേയും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | തൊഴിലാളി ക്ഷാമം | തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി വഴി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു. |
| Ii | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | ഉയർന്ന ഉല്പാദന ചെലവ് | കന്നുകുട്ടി പരിപാലനത്തിന് പദ്ധതികൾ നടപ്പാക്കി വരുന്നു. |
| Iii | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | സംരംഭങ്ങൾ പൂർണത കൈവരിക്കാത്തത് | കാർഷിക മേഖലയിലും മൃഗ സംരക്ഷണ മേഖലയിലും വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. |
| Iv | സാമൂഹ്യനീതി | ഗുരുതരം | വയോജനങ്ങളുടെ ഏകാന്തത | പകൽ വീട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യമതയ്ക്കനുസരിച്ച് സ്വീകരിക്കുന്നതാണ്. |
| V | ആരോഗ്യം | ഗുരുതരം | എഫ്എച്ച്സിയുടെ മൂന്ന് സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം | ഫണ്ടിന്റെ ലഭ്യമതയ്ക്കനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ (വാർഡ് 2, 10, 14), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയെങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം തരിശ് ഭൂമിയിൽ നെൽകൃഷിക്ക് വരമ്പൊരുക്കൽ, ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, പാഥേയം, ആശ്രയ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളൊന്നുംതന്നെ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ പ്രസ്തുത ഫണ്ട ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 636800 | 64 |
| വിധവ പെൻഷൻ | 13465900 | 1288 |
| വാർദ്ധക്യകാലപെൻഷൻ | 31444200 | 3114 |
| വികലാംഗപെൻഷൻ | 4112600 | 376 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 619000 | 58 |

## 1-6-1 മരണശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്

സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണെന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആധാർ നമ്പർ ഉൾപ്പെടുത്തിയിട്ടുള്ള ഏതാനും മരണറിപ്പോർട്ടുകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ മരണശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതായി കണ്ടെത്തിയിട്ടില്ല.

പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ പരിശോധിച്ച് , അവയിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതും, മരണശേഷം പെൻഷൻ തുക തിരികെ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2023, 10.15AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,143രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) ഓഡിറ്റ് അന്വേഷണങ്ങൾക്ക് വിശദീകരണങ്ങൾ നൽകുന്നതിലും ഫയലുകൾ ലഭ്യമാക്കുന്നതിലും സ്ഥാപനത്തിന്റെ സമീപനം പ്രശംസനീയമാണ്. ആകെ നൽകിയ 31 എൻക്വയറികൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) പദ്ധതി രൂപീകരണ പ്രക്രിയയിൽ കുറച്ചുകൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്.
3) ബജറ്റ് തയ്യാറാക്കുന്നതിൽ കുറെക്കൂടി ശ്രദ്ധ പുലർത്തേണ്ടതും യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി പരമാവധി പൊരുത്തപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്.

4) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

5) നിലവിലെ വരുമാനം പിരിച്ചെടുക്കുന്നതിലും പുതിയ വരുമാനസ്രോതസുകൾ കണ്ടെത്തുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്.

6) കടിവെള്ളക്കര കടിശ്ശിക - ഫൈൻ ഒടുക്കിയത് തിരികെ ഈടാക്കാനുള്ള നടപടികളുണ്ടാകണം.

7) കീഴാറ്റിങ്ങൽ എൽ.പി.എസിന് ക്ലാസ് റൂം നിർമ്മാണ പ്രോജക്ട് അംഗീകാരം വാങ്ങി നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രയോജന പ്രദമാക്കിയില്ല.
8) വസ്തുനികുതി ശേഖരണം, രജിസ്റ്ററുകൾ (സോഫ്റ്റ് കോപ്പി/ഹാർഡ് കോപ്പി) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കൽ എന്നിവയിൽ കുറെക്കൂടി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-9 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (ക്യാഷ് ബുക്ക് പ്രകാരം) | 0 | 1177222 | 1177222 | 573069 | 604153 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 51102402 | 51102402 | 51102402 | 0 |
| ആകെ | 0 | 52279624 | 52279624 | 51675471 | 604153 |

നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 18.02.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 16.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 | 2010-11 മുതൽ 2014-15 വരെ | 14.03.2016 |

## 1-11 വസ്തുനികുതി - കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 7, 16 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 7 (ആയിക്കുടി)

| Missing From | Missing To | Missing Total |
|---|---|---|
| 43 | 43 | 1 |
| 49 | 49 | 1 |
| 83 | 83 | 1 |
| 95 | 95 | 1 |
| 141 | 142 | 2 |
| 213 | 213 | 1 |
| 229 | 229 | 1 |
| 231 | 231 | 1 |
| 259 | 259 | 1 |
| 309 | 309 | 1 |
| 315 | 317 | 3 |
| 319 | 319 | 1 |
| 325 | 325 | 1 |
| 329 | 329 | 1 |
| 331 | 332 | 2 |
| 363 | 363 | 1 |
| 388 | 388 | 1 |
| 397 | 399 | 3 |
| 420 | 420 | 1 |
| 441 | 441 | 1 |
| 449 | 449 | 1 |

| | | |
|---|---|---|
| 451 | 451 | 1 |
| 463 | 463 | 1 |
| 468 | 468 | 1 |
| 483 | 483 | 1 |
| 499 | 499 | 1 |
| 503 | 503 | 1 |
| 513 | 514 | 2 |
| 520 | 521 | 2 |
| 544 | 544 | 1 |
| 549 | 549 | 1 |
| 564 | 564 | 1 |
| 577 | 578 | 2 |
| 584 | 584 | 1 |
| 597 | 597 | 1 |
| 638 | 638 | 1 |
| 675 | 675 | 1 |
| 683 | 683 | 1 |
| 684 | 684 | 1 |
| 693 | 745 | 52 |
| | Total | 100 |

വാർഡ് 16 (കല്ലൂർക്കോണം)

| Missing From | Missing To | Missing Total |
|---|---|---|
| 9 | 9 | 1 |
| 20 | 20 | 1 |
| 33 | 33 | 1 |
| 48 | 49 | 2 |
| 85 | 85 | 1 |
| 88 | 89 | 2 |
| 97 | 97 | 1 |
| 103 | 103 | 1 |
| 115 | 116 | 2 |
| 134 | 134 | 1 |
| 172 | 172 | 1 |
| 183 | 183 | 1 |
| 206 | 206 | 1 |
| 224 | 224 | 1 |
| 230 | 230 | 1 |
| 240 | 240 | 1 |
| 253 | 253 | 1 |
| 278 | 280 | 3 |
| 285 | 285 | 1 |
| 289 | 290 | 2 |
| 295 | 295 | 1 |

| | | |
|---|---|---|
| 297 | 297 | 1 |
| 299 | 299 | 1 |
| 302 | 302 | 1 |
| 308 | 309 | 2 |
| 316 | 316 | 1 |
| 319 | 319 | 1 |
| 324 | 324 | 1 |
| 343 | 343 | 1 |
| 352 | 352 | 1 |
| 357 | 357 | 1 |
| 363 | 363 | 1 |
| 368 | 368 | 1 |
| 390 | 390 | 1 |
| 395 | 395 | 1 |
| 403 | 403 | 1 |
| 411 | 411 | 1 |
| 417 | 417 | 1 |
| 430 | 430 | 1 |
| 433 | 433 | 1 |
| 438 | 438 | 1 |
| 449 | 449 | 1 |
| 469 | 470 | 2 |
| 476 | 476 | 1 |
| 478 | 478 | 1 |
| 481 | 482 | 2 |
| 485 | 489 | 5 |
| 504 | 507 | 4 |
| 513 | 516 | 4 |
| 535 | 535 | 1 |
| 537 | 537 | 1 |
| 541 | 541 | 1 |
| 543 | 543 | 1 |
| 545 | 546 | 2 |
| 573 | 575 | 3 |
| 589 | 589 | 1 |
| 607 | 607 | 1 |
| 609 | 609 | 1 |
| 611 | 611 | 1 |
| 620 | 621 | 2 |
| 625 | 666 | 42 |
| 669 | 747 | 79 |
| 749 | 855 | 107 |
| Total | | 311 |

കെട്ടിടങ്ങൾക്ക് 2013-14 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തിയാണ് കെട്ടിട നമ്പർ പതിച്ചിട്ടുള്ളതെന്നും അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ പതിക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും നിർമ്മാണം പൂർത്തീകരിക്കാത്തതും അനുബന്ധ കെട്ടിടങ്ങളുടെ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് നമ്പർ പതിക്കുകയാണ് ചെയ്തതെന്നും, എന്നാൽ, സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയ വേളയിൽ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ മാത്രമാണ് ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 19ന്റെ മറുപടി). പണി പൂർത്തിയാക്കാത്ത കെട്ടിടങ്ങൾക്ക് അതിന് ശേഷമാണ് പുതിയ നമ്പർ അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിലവിൽ മിസ്സിംഗ് നമ്പരായി ഉൾപ്പെടുന്ന കെട്ടിടങ്ങൾ ഭൂരിഭാഗവും ഇങ്ങനെ ഉൾപ്പെട്ട് വന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ.ഉ.(കൈ)77/2023/തസ്വഭവ തീ: 22.3.2023 പ്രകാരം വസ്തുനികുതി പരിഷ്കരണം നടത്തുന്നതിലേയ്ക്ക് എല്ലാ കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി ശരിയായ വിവരം സോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഫീൽഡ്തല അന്വേഷണം നടത്തി വാർഡുകളിലെ മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി അവ നിയമാനുസൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ആണെങ്കിൽ ആയവ അസസ്മെന്റ് രജിസ്റ്ററിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾക്ക് നൽകിയ നമ്പരുകൾ നിലവിൽ സഞ്ചയ സോഫ്റ്റ് വെയറിൽ മിസ്സിംഗ് നമ്പരായി തന്നെ തുടർന്ന് വരികയാണ്. ഭാവിയിൽ സർക്കാർ നിർദ്ദേശ പ്രകാരം വാർഡ് വിഭജനം നടത്തുന്ന വേളയിൽ അസസ്മെന്റ് രജിസ്റ്ററിലുള്ള എല്ലാ കെട്ടിടങ്ങൾക്കും തുടർച്ചയായ കെട്ടിട നമ്പർ നൽകി ആയത് ക്രമപ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി മിസ്സിംഗ് നമ്പർ പൂർണ്ണമായും ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 2, 11, 12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെച്ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് - ശങ്കരമംഗലം

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രുമീറ്റർ) |
|---|---|---|---|---|
| 1 | 2/11B | രാജമ്മ, സുധാ നായർ, സുരേഷ് നായർ, ഗോവിന്ദ ഭവൻ | പാർപ്പിടാവശ്യം | താഴെ - 62.84<br>ഒന്നാം നില -87.42 |
| 2 | 2/24a | ഷറഫുദ്ദീൻ, ഈഴമൂല | പാർപ്പിടാവശ്യം | 65 |
| 3 | 2/33A | എസ്. മോഹനൻ | പാർപ്പിടാവശ്യം | 65 |
| 4 | 2/33B | ദേവകി, ചരുവിള | പാർപ്പിടാവശ്യം | 65 |
| 5 | 2/147 | സുകുമാരൻ, കുഴിവിള | പാർപ്പിടാവശ്യം | 64 |
| 6 | 2/156 | തങ്കമണി, കണ്ണങ്കര വീട്, കീഴാറ്റിങ്ങൽ | പാർപ്പിടാവശ്യം | 75.55 |
| 7 | 2/162 A | ഗിരിജ, മാമൂട് | പാർപ്പിടാവശ്യം | 65 |
| 8 | 2/546 | ബിന്ധു, കാർത്തിക, മേലാറ്റിങ്ങൽ | പാർപ്പിടാവശ്യം | 100 |
| 9 | 2/495 | ഗോപാലൻ, തോപ്പിൽ വീട്, മേലാറ്റിങ്ങൽ | പാർപ്പിടാവശ്യം | 72 |

| | | | | |
|---|---|---|---|---|
| 10 | 2/474 | ഷൈന.എസ്, മണിക്കുന്ന് | പാർപ്പിടാവശ്യം | 96 |

വാർഡ് 11 – കടയ്ക്കാവൂർ

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 11/100 | പി.കെ. ജയമോഹൻ, ജയലത, ദ്വാരക, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 110 |
| 2 | 11/123 | കമലാക്ഷി, വിളയിൽ വീട്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 85 |
| 3 | 11/545 | ദേവകി, ലക്ഷം വീട്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 70 |
| 4 | 11/249A | ഭവാനി, കളിയിൽ വീട്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 100 |
| 5 | 11/317 | ഷീബ, ജാനകി നിവാസ്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 100 |
| 6 | 11/352 | ചന്ദ്രശേഖരൻ, പണയിൽ വീട്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 96 |

വാർഡ് 12 – നിലയ്ക്കാമുക്ക്

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ചതുരശ്രമീറ്റർ) |
|---|---|---|---|---|
| 1 | 12/41 | സത്യവ്രതൻ, ചന്ദ്രച്ചൻ വീട്, കടയ്ക്കാവൂർ | പാർപ്പിടാവശ്യം | 106 |
| 2 | 12/82 | സത്യഭാമ, സായി ഭവൻ | പാർപ്പിടാവശ്യം | 64.68 |
| 3 | 12/87 | ശശിധരൻ, കോണത്തുവീട് | പാർപ്പിടാവശ്യം | 61 |
| 4 | 12/100 A1 | ടി.കെ. ഷണ്മുഖൻ, തുണ്ടുവിള വീട് | പാർപ്പിടാവശ്യം | 65 |
| 5 | 12/108 | സദാശിവൻ, ആലപ്പുറം വീട് | പാർപ്പിടാവശ്യം | 86.28 |
| 6 | 12/146 | നിഷ.എസ്.എസ്, സുമനിവാസ്, ചാവടിമുക്ക് | പാർപ്പിടാവശ്യം | താഴെ – 143.47<br>ഒന്നാം നില – 88.54 |
| 7 | 12/430 | അബ്ദുൾ അസീസ്, ചരുവിള പുത്തൻ വീട് | പാർപ്പിടാവശ്യം | താഴെ – 62.84<br>ഒന്നാം നില – 87.42 |
| 8 | 12/443 | സബീനാ ബീഗം, കസ്തൂരി ബിൽഡിംഗ് | പാർപ്പിടാവശ്യം | താഴെ – 100.39<br>ഒന്നാം നില – 77.19 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കും പ്രകാരമാണ്.

2013-14 സാമ്പത്തിക വർഷത്തിൽ നികുതി പരിഷ്കരണം നടത്തിയ സമയത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ആനുവൽ റെന്റ് വാല്യൂ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി പുനർ നിർണ്ണയിച്ചത്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തിയ വേളയിൽ ആനുവൽ റെന്റ് വാല്യൂ പൂജ്യം എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി കെട്ടിടത്തിന്റെ വിസ്തീർണ്ണം പ്രകാരം പുനർ നിർണ്ണയിക്കുകയും പാർപ്പിടാവാശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കേണ്ടതില്ലെന്ന സർക്കാർ തീരുമാന പ്രകാരം കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിച്ചത് എ.ആർ.വി. ആയിത്തന്നെ സഞ്ചയ സോഫ്റ്റ് വെയറിൽ കുറവ് ചെയ്യുകയും കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി കുറവ് ചെയ്യുകയും ചെയ്തു. സ.ഉ.(കൈ)77/2023/തസ്വഭവ തീ: 22.3.2023 പ്രകാരം വസ്തുനികുതി പരിഷ്കരണം നടത്തുന്നതിലേയ്ക്ക് എല്ലാ കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി ശരിയായ വിവരം സോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഫീൽഡ്തല പരിശോധന നടത്തി വിസ്തീർണ്ണം കൃത്യമായി കണക്കാക്കി വസ്തുനികുതി പുനർനിർണ്ണയിച്ച് പിരിച്ചെടുക്കുന്നതാണ്.

തുടർനടപടി വിവരം അറിയക്കേണ്ടതാണ്.

## 1-13 ലേലകുടിശ്ശിക - തുടർ നടപടികൾ സ്വീകരിക്കണം.

ലേലരജിസ്റ്റർ പരിശോധിച്ചതിൽ പാലാംകോണം, തൊപ്പിച്ചന്ത പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ശ്രീ. അബ്ദുൾ ലത്തീഫ്, പ്ലാവിള വീട്, ചെറുകുന്നം എന്നയാൾക്ക് 102000/- + ജി.എസ്.ടി തുകയ്ക്ക് 15.3.2022 ലെ 3(1) ഭരണസമിതി തീരുമാന പ്രകാരം ലേലം ഉറപ്പിച്ച് നൽകുകയും 42500/- + 7650(ജി.എസ്.ടി.) = 50150/- രൂപ രസീത് നം. 121050105319/17.3.2022 പ്രകാരം ടിയാൻ ഒടുക്കുകയും ചെയ്തിരുന്നു. ബാക്കിതുകയായ 59500+ 10710 (ജി.എസ്.ടി) = 70210/- രൂപ അടവാക്കുന്നതിന് ലേലം കൊണ്ട വ്യക്തിക്ക് ലേലകുടിശ്ശിക 20.2.2023 നകം ഒടുക്കുവരുത്താൻ നോട്ടീസ് നൽകിയെങ്കിലും തുക ഒടുക്കുവരുത്തിയില്ല. മേൽ സാഹചര്യത്തിലും സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും ലേലം റദ്ദ് ചെയ്ത് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ 3.3.2023 ലെ 8(2) ഭരണസമിതി തീരുമാനം അംഗീകരിക്കുകയും തുടർന്ന് എന്നാൽ ടിയാൻ ലേലകുടിശ്ശിക അടവാക്കാത്തതിനാൽ 21.2.2023 തീയതിയിൽ ലേലം റദ്ദ് ചെയ്യുകയും 22.2.2023 മുതൽ 31.3.2023 വരെ ഗേറ്റ് ഫീസ് പിരിക്കുന്നതിന് 2023-24 വർഷത്തേയ്ക്ക് ലേലം കൊണ്ടയാളും 2022-23 വർഷത്തിൽ ലേലത്തിൽ പങ്കെടുത്തയാളുമായ ശ്രീ. അയൂബ് ഖാൻ, വി.പി.ഹൗസ്, പാലാംകോണം എന്ന വ്യക്തിയ്ക്ക് (1 ദിവസത്തേയ്ക്ക് 280/-രൂപ വച്ച്) ലേലതുകയുടെ ദിവസ അനുപാതത്തിൽ നൽകുകയും ചെയ്തു. ആയതിൻ പ്രകാരം ടിയാൻ 10640 + ജി.എസ്.ടി 1916 ഉൾപ്പെടെ 12556/- രൂപ രസീത് നം. 1220106266/21.2.2023 അടവാക്കുകയും ചെയ്തു.

നിലവിൽ ശ്രീ. അബ്ദുൾ ലത്തീഫിൽ നിന്നും ലേലതുകയുടെ ബാക്കി തുകയായ 48860/- രൂപ (59500-10640) പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് അയച്ചെങ്കിലും തുക അടവാക്കാത്തതിനെത്തുടർന്ന് 1.7.2023 തീയതിയിലെ 1(20)-ാം നമ്പർ തീരുമാന പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടിയായി അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ചെക്കാലവിളാകം മാർക്കറ്റ് കടമുറി വാടക - കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല.

വാടക രജിസ്റ്റർ പ്രകാരം ചെക്കാലവിളാകം മാർക്കറ്റിലെ കടമുറികളുടെ വാടകയിനത്തിൽ 2021-22 വർഷം 6669/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രിക പ്രകാരം (B-15) പ്രകാരം കുടിശ്ശിക 110040/- രൂപയാണ്. കുടിശ്ശിക 6669/- രൂപ ഈടാക്കുന്നതിനായി പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുള്ളതും നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 25).

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 110040/- രൂപ വളരെയധികം പഴക്കമുള്ളതും മുൻകാല വർഷങ്ങളിൽ കുടിശ്ശിക വന്നതായി എ.എഫ്.എസുകളിൽ രേഖപ്പെടുത്തി വന്നിട്ടുള്ള തുകയാണെന്നും നിലവിൽ ഓഫീസ് ഫയലുകളിലോ മറ്റ് റിക്കാർഡുകളിലോ ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും സാംഖ്യ നിലവിൽ വന്ന സമയത്ത് ഓപ്പണിംഗ് ബാലൻസ് തുക രേഖപ്പെടുത്തിയ സമയത്ത് വന്ന പിഴവ് മൂലമാകാനും സാധ്യതയുള്ളതായും വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കുടിശ്ശിക സംബന്ധിച്ച് വ്യക്തത വരുത്തി തൻവർഷ കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലേലം - കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കേണ്ടതാണ്

1) ഗ്രാമ പഞ്ചായത്തിലെ 65-ാം നമ്പർ അങ്കണവാടിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മഹാഗണി, പ്ലാവ്, 70-ാം നമ്പർ അങ്കണവാടിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മഹാഗണി, വാർഡ് 15 ൽ പഞ്ചായത്ത് ഭൂമിയിൽ നിൽക്കുന്ന

ആഞ്ഞിലി മരം എന്നിവ ലേലം ചെയ്തു നൽകുന്നതിനുള്ള അനുമതി ഫോറസ്റ്റ് അസി. കൺസർവേറ്ററിൽ നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മരങ്ങൾ 3/5/2022 ന ലേലം ചെയ്തു നൽകുന്നതിന ഭരണ സമിതി തീരുമാനിച്ചിരുന്നു [നമ്പർ 1(8)/23.04.2022]. മേൽപ്പറഞ്ഞ മരങ്ങൾ 3.5.2022, 3.6.2022, 30.6.2022 തീയതികളിൽ ലേലം ചെയ്തെങ്കിലും സോഷ്യൽ ഫോറസ്ട്രിയിൽ നിന്നുള്ള വാല്യുവേഷൻ തുക വളരെ കൂടുതലായതിനാൽ ആരും പങ്കെടുത്തില്ല എന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 16). ഭരണസമിതി പ്രത്യേക ശ്രദ്ധയൂന്നി സാദ്ധ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിൽ 2008-09 വർഷം ജനകീയ ആസൂത്രണ പദ്ധതി പ്രകാരം വാങ്ങിയ രണ്ട് പവർ ടില്ലറുകൾ, മെതിയന്ത്രം എന്നിവ കാലപ്പഴക്കം കാരണം ഉപയോഗശൂന്യമായാതിനാൽ ആയതു ലേലം ചെയ്തു നൽകണം എന്ന് കൃഷി ഓഫീസർ അറിയിച്ചിരുന്നു. പ്രസ്തുത ഉപകരണങ്ങൾ നിലവിൽ പ്രവർത്തനരഹിതമായതിനാൽ ആയത് പുനരുപയോഗിക്കാൻ കഴിയാവുന്നതാണോ എന്ന് പരിശോധിച്ച റിപ്പോർട്ട് ചെയ്യുന്നതിന് പിഡബ്ല്യൂഡി മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകുന്നതിന് 15/12/2022 -ലെ 6(2) ഭരണസമിതി തീരുമാനം എടുത്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയെങ്കിലും നാളിതുവരെയായി മെക്കാനിക്കൽ സെക്ഷൻ യന്ത്രങ്ങൾ പരിശോധിക്കുന്നതിനോ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനോ തയ്യാറായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-16 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 4 റേഷൻകടകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

വിവിധ വാർഡുകളിലായി 15 റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നതായും ആയതിൽ 2022-23 വർഷം 4 എണ്ണത്തിന് ലൈസൻസ് അനുവദിച്ചതായും 2023-24 ൽ 10 അപേക്ഷകൾ ലഭിച്ചതിൽ 8 റേഷൻകടകൾക്ക് ലൈസൻസ് അനുവദിച്ചതായും മുഴുവൻ റേഷൻകടകൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 24 ന്റെ മറുപടി). തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പൊതു കുളങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ സാധ്യത പരിശോധിക്കപ്പെടണം.

ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന സുഭിക്ഷകേരളം – ജനകീയ മത്സ്യകൃഷി (2022-2024) പദ്ധതിയിൽ ചുവടെ പറയും പ്രകാരം ഗുണഭോക്താക്കളെയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് കുളങ്ങളുടെയും ലിസ്റ്റ് ഭരണ സമിതിയുടെ 23/09/2022 -ലെ 1(3) അജണ്ട പ്രകാരം അംഗീകരിച്ചു.

| ഗുണഭോക്താക്കൾ | പഞ്ചായത്ത് കുളങ്ങൾ/ വാർഡ് |
|---|---|
| ചന്ദ്രബാബു, ചരുവിളവീട്, കടയ്ക്കാവൂർ<br>പ്രീത, വെട്ടിയറപൊയ്ക, കടയ്ക്കാവൂർ<br>ലിജി, ലിജി ഭവൻ, കടയ്ക്കാവൂർ<br>ഗോപിജ, വയലിത്തിട്ട, കടയ്ക്കാവൂർ<br>ഹസ്ന, മുബാറക്ക്, മണനാക്ക്<br>രേഖ, കൃഷ്ണശ്രീ, കടയ്ക്കാവൂർ<br>രതി, സിദ്ധാലയം, കടയ്ക്കാവൂർ<br>അനിൽകുമാർ, കൊച്ചനിനിവാസ്, കടയ്ക്കാവൂർ<br>സത്യദാസ്, വയലിത്തിട്ടവീട്, കടയ്ക്കാവൂർ<br>പ്രദീപ് കുമാർ, (കൊച്ചനി), ചിറയിൽമൂട്<br>സുരേഷ്, ഉത്രാടം, വിളയിൽമൂല, കടയ്ക്കാവൂർ<br>ഗിരീഷ്, റെയിൽവേസ്റ്റേഷൻ, കടയ്ക്കാവൂർ | കോണത്ത്കുളം – 16<br>വൈക്കോട്ടുകോണം കുളം – 1<br>പഞ്ചായത്ത്കുളം – 10<br>കൈപ്പഴികുളം – 3<br>കൊടിയേറ്റ്കുളം – 3<br>ചിറക്കരോട്ട് കുളം – 11<br>ചിറയ്ക്കോണത്ത് കുളം – 1<br>മല്ലാത്ത് കുളം – 5<br>മാര്യൂർ്തുമ്പ് കുളം – 5<br>ആശാരിക്കുളം – 2<br>മല്ലാത്ത് കുളം – 3<br>പൂന്തോട്ടംകുളം – 6<br>അംഗൻവാടിക്കുളം – 8<br>ഗ്യാസ് ഏജൻസി കുളം – 7<br>കരിനാഗം കുളം – 14 |

| | |
|---|---|
| | നീരാഴി കുളം - 15 |

സ.ഉ (സാധാ)നം. 1833/2017/ ത.സ്വ.ഭ.വ തീയതി 02.06.2017 ഉത്തരവ് പ്രകാരം അംഗീകരിച്ച " Manual On Finance Management : Revenue For Grama Panchayats In Kerala “ ഖണ്ഡിക 5.7 (5) പ്രകാരം മത്സ്യ കൃഷിക്കായി പൊതു കുളങ്ങളും തടാകങ്ങളും പൊതു ലേല നടപടികളിലൂടെ മാത്രം നൽകാവുന്നതാണെന്നും ഖണ്ഡിക 5.7.1.7 നിർദ്ദേശ പ്രകാരം മത്സ്യ കൃഷിക്കായി കുളം ലേലം കൊണ്ട വ്യക്തി സെക്രട്ടറിയുമായി കരാറിലേർപ്പെടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ ആർ.സി /4/149/2020 / ത.സ്വ.ഭ.വ തീയതി 15/07/2020 നമ്പർ സർക്കുലർ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166(2), 218 എന്നീ വകുപ്പുകളുടെ പരിധിയിൽ നിന്നുകൊണ്ട് തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ / ജലാശയങ്ങൾ എന്നിവ ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിന് പാട്ടത്തിന് നൽകുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം പൊതുകുളങ്ങൾ / ജലാശയങ്ങളിൽ മത്സ്യകൃഷി നടത്താൻ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കാണ്. കുളങ്ങൾ ലേലം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നതോടൊപ്പം അതിനുള്ള വ്യവസ്ഥകളും ഫീസും നിർണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യഫെഡ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ഗുണഭോക്താക്കളെ പഞ്ചായത്ത് തെരഞ്ഞെടുത്ത് നല്കുകയുമാണുണ്ടായതെന്നും ഉടമസ്ഥാവകാശം ഗുണഭോക്താക്കൾക്കല്ലായെന്നും ആയത് നാളിതുവരെ വിളവെടുപ്പ് നടത്തിയിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 30ന്റെ മറുപടി). മത്സ്യഫെഡ് നേരിട്ടാണ് വിളപ്പെടുപ്പ് നടത്തുന്നതെന്നും സംരക്ഷണ ചുമതല മാത്രമാണ് ഗുണഭോക്താക്കൾക്കുള്ളതെന്നും കുളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൽ ഇല്ലാത്തവയുമായതിനാലാണ് ലേലം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ ചെയ്യാത്തതെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി നടത്തുമ്പോൾ പഞ്ചായത്തിനോ പഞ്ചായത്ത് നിവാസികളായ ഗുണഭോക്താക്കൾക്കോ നേട്ടം ലഭിക്കുന്നതായി കാണുന്നില്ല. പകരം പഞ്ചായത്ത് നേരിട്ട് ലേലം നടത്തി കുളം മത്സ്യകൃഷിക്ക് നൽകുകയാണെങ്കിൽ പഞ്ചായത്തിന് തനത് വരുമാനവും ലേലം എടുക്കുന്നവർക്കും പ്രവൃത്തി ചെയ്യുന്നവർക്കും തൊഴിലവസരവും നേട്ടവും ലഭിക്കും.
പൊതു കുളങ്ങൾ ലേലം ചെയ്തോ, പാട്ടത്തിന് നൽകുകയോ ചെയ്യുന്നതിലൂടെ പഞ്ചായത്തിന് വരുമാനവും ഗുണഭോക്താക്കൾക്ക് തൊഴിലും വരുമാനവും ലഭ്യമാകാവുന്നതിനുള്ള സാദ്ധ്യത പരിശോധിക്കപ്പെടേണ്ടതും ഭരണസമിതി ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ഫലവൃക്ഷതൈ വിതരണം പദ്ധതി - വാഴവിത്ത് വിതരണമായി പരിമിതപ്പെട്ടു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0113/23 |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേയ്ക്ക് - ഒരു കോടി ഫലവൃക്ഷതൈ വിതരണം |
| അടങ്കൽ | 10,000 (വികസനഫണ്ട്) |
| ചെലവ് | 9,750 |
| ബിൽ നമ്പർ | 383/15.03.2023 |
| നിർവ്വഹണം | കൃഷി ഓഫീസർ |

സ.ഉ.(കൈ) നം. 45/2020/തസ്വഭവ തീയതി 06.03.2020 പ്രകാരം 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടിയുടെ മാർഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത മാർഗരേഖയിലെ ഖണ്ഡിക 6ൽ പ്രതിവർഷം ഒരുകോടി ഫലവൃക്ഷതൈകൾ വീതം നട്ടുവളർത്തുന്ന ദശവത്സര പദ്ധതിയെ സംബന്ധിച്ച് വിശദമായ മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ, തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, ഹരിതകേരള മിഷൻ എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുക. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ഇതിന് ആവശ്യമായ ഏകോപന സമിതികൾക്ക് രൂപം നൽകണം.

ഇതൊരു ഫലവൃക്ഷതൈ വിതരണ പരിപാടിയായിരിക്കില്ലായെന്നും മറിച്ച് പൊതുസ്ഥലത്തായാലും സ്വാകര്യഭൂമിയിലായാലും വൃക്ഷങ്ങൾ നടുന്നത് കൂട്ടായ ഒരു ജനകീയ പരിപാടിയാക്കുന്നതിനാണ് പരിശ്രമിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ ഇപ്രകാരമായിരിക്കെ, ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പിനായി, കെയിക്കോയിൽ നിന്ന് 650 വാഴ വിത്തുകൾ 15/- രൂപ നിരക്കിൽ വാങ്ങി 28 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണുണ്ടായത്.

നടപ്പാക്കിയ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

ഒരു കോടി ഫലവൃക്ഷതൈ വിതരണം പദ്ധതിക്കായി 50,000/- രൂപ ചെലവഴിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ആവശ്യമായ ഗുണഭോക്താക്കളില്ലാത്തതിനാൽ റിവിഷൻ നടത്തി 9,750/- രൂപ ചെലവഴിക്കുകയായിരുന്നുവെന്നും ജനകീയ പരിപാടിയായാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/20.07.2023ന്റെ മറുപടി).

പദ്ധതികൾ കൂടുതൽ ഫലപ്രാപ്തിയിലെത്തുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പാക്കേണ്ടതാണ്.

## 1-19 കാർഷിക മേഖല - അവലോകനം

ഗ്രാമ പഞ്ചായത്തിൽ കൃഷിക്ക് അനുയോജ്യമായ 851.5 ഹെക്ടറിൽ 826 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്. ഏലാപ്പുറം, കളപ്പാട്ടം, മേലാറ്റിങ്ങൽ എന്നീ മൂന്ന് പാടശേഖരങ്ങളിലായി 21.5 ഹെക്ടറിൽ നെൽകൃഷിയുണ്ട്. കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത 4.5 ഹെക്ടർ നെൽ വയലുള്ളതായി സ്റ്റാറ്റസ് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

കാർഷിക കർമ്മസേന

ഗ്രാമ പഞ്ചായത്തിൽ കാർഷിക കർമ്മസേനയുടെ പ്രവർത്തനം 2014ൽ ആരംഭിച്ചിരുന്നു. പുല്ലുവെട്ട് യന്ത്രം ഉപയോഗിച്ചുള്ള കാട് വെട്ടൽ, ഗ്രോബാഗ്/മൺചട്ടി എന്നിവ നിറച്ച് തൈകൾ നട്ട് നൽകുക, പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് എക്കോഷോപ്പ് മുഖേന വിതരണം നടത്തുക, കർഷകർ ആവശ്യപ്പെടുന്ന കൃഷിപ്പണികൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുക എന്നിവയാണ് നിലവിലെ പ്രവർത്തനങ്ങൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 22/20.07.2023ന്റെ മറുപടി).

കാർഷിക കർമ്മസേനയ്ക്കായി കൃഷി വകുപ്പിൽ നിന്നും 9,06,250/- രൂപ മൂല്യമുള്ള ട്രാക്ടർ, പുല്ലുവെട്ട് യന്ത്രം തുടങ്ങി 23 ഇനങ്ങളിലുള്ള കർഷിക യന്ത്രങ്ങളും മറ്റ് സാധനങ്ങളും ലഭിച്ചിരുന്നു. എന്നാൽ, ഇവ സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥലമോ കെട്ടിടമോ നിലവിലില്ല. ഇപ്പോൾ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് വാടക നൽകിയാണ് സൂക്ഷിക്കുന്നത്.

ഭരണസമിതിയുടെ 6(1)/15.12.2022-ാം നമ്പർ തീരുമാനപ്രകാരം, കാർഷിക കർമ്മസേനയുടെ ഭാഗമായി കൃഷിവകുപ്പിൽ നിന്നും ലഭിച്ച ട്രാക്ടർ, പുല്ലുവെട്ട് യന്ത്രം മുതലായവ സൂക്ഷിച്ച് വയ്ക്കുന്നതിന് കൃഷി ഓഫീസർ സ്ഥലം ആവശ്യപ്പെട്ടെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ അപേക്ഷ പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചിരുന്നു.

കാർഷികോപകരണങ്ങൾ സൂക്ഷിക്കുന്നതിനായി പ്രത്യേക സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാർഷിക യന്ത്രങ്ങൾ

ഭരണസമിതിയുടെ 6(2)/15.12.2022-ാം നമ്പർ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം വാങ്ങിയ രണ്ട് പവർ ടില്ലറുകൾ ഉപയോഗ ശൂന്യമായതിനാൽ ലേലം ചെയ്യാനുള്ള നടപടികൾക്കായി കൃഷി ഓഫീസർ ആവശ്യപ്പെട്ടതിന്, അവ പുനരുപയോഗിക്കാൻ കഴിയുന്നതാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.

പ്രസ്തുത പവർ ടില്ലറുകൾ പുനരുപയോഗിക്കാൻ സാധിക്കാത്തവയാണെന്ന് ഭരണസമിതിയെ അറിയിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ PWD മെക്കാനിക്കൽ വിഭാഗത്തിന് യന്ത്രങ്ങളുടെ പരിശോധനയ്ക്കായി കത്ത് നൽകിയതായും കൃഷി ഓഫിസർ വിശദീകരിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിവരം ശേഖരണം

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വിവിധ കാർഷിക വിളകൾക്കായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ചെലവ് തുക |
|---|---|---|---|
| I | S0113/23 | ഞങ്ങളും കൃഷിയിലേയ്ക്ക് - ഒരു കോടി ഫലവൃക്ഷതൈ വിതരണം | 9,750 |
| Ii | S0106/23 | കുരുമുളക് കൃഷി വികസനം | 50,000 |
| Iii | S0107/23 | ഇടവിളകൃഷി | 1,40,000 |
| Iv | S0110/23 | ഞങ്ങളും കൃഷിയിലേയ്ക്ക് - മൺചട്ടിയിൽ പച്ചക്കറി കൃഷി - ജനറൽ | 2,00,000 |

| | | | |
|---|---|---|---|
| V | S0105/23 | കേദാരം സമഗ്ര നെൽകൃഷി വികസനം ഒന്നം രണ്ടും വിളകൾ | 5,68,660 |
| | | ആകെ | 9,68,410 |

വിവിധ കാർഷിക വിളകൾക്കായി, 9,68,410/- രൂപ ചെലവഴിച്ചെങ്കിലും, പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിലെ കാർഷിക ഉല്പാദന വർദ്ധനവ് സംബന്ധിച്ച് പ്രത്യേകമായി കണക്കുകൾ ശേഖരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഫലപ്രാപ്തിയുടെ സ്ഥിതി വിവര കണക്കുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇക്കോഷോപ്പ്

കാർഷിക വിളകളുടെ വിപണനത്തിനായി, ഗ്രാമപഞ്ചായത്തിന്റെ അധീനതിയിൽ ഇക്കോഷോപ്പ് പ്രവർത്തിക്കുന്നുണ്ട്. വിവിധ കാർഷിക പദ്ധതികളുടെ നിർവ്വഹണം, ഇക്കോഷോപ്പിലേക്കുള്ള കാർഷിക ഉല്പന്നങ്ങളുടെ വരവ് കൂട്ടിയിട്ടുണ്ടെന്നും 2022 വരെയുള്ള ഇക്കോ ഷോപ്പിന്റെ ഓഡിറ്റ് പൂർത്തീകരിച്ചതായും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 1-20 മുറ്റത്തൊരു മീൻതോട്ടം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0136/23 |
| പ്രോജക്ടിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | 148000/- (വികസന ഫണ്ട്) |
| ചെലവ് | 87000/- |
| ബിൽ നമ്പർ | 261/09.01.2023, തുക 39000/-<br>417/17.03.2023, തുക 48000/- |
| നിർവ്വഹണം | |

കേരളത്തിന്റെ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ വഴിത്തിരിവ് സൃഷ്ടിച്ചുകൊണ്ട് ഗ്രാമങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് "മുറ്റത്തൊരു മീൻതോട്ടം". ഒരു യൂണിറ്റിന് 20000/- രൂപ നിരക്കിൽ ജനറൽ വിഭാഗത്തിന് 40 % സബ്സിഡി (8000/- രൂപ), എസ്.സി വിഭാഗത്തിന് 75% സബ്സിഡി (15000/- രൂപ) എന്നിങ്ങനെ അനുവദിക്കുന്നു. പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളും, അത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ (5/14.07.2023) മറുപടിയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. വാർഷിക വരുമാന പരിധിയിൽ കവിഞ്ഞ വരുമാനമുള്ള വ്യക്തിയ്ക്ക് ആനുകൂല്യം അനുവദിച്ചു

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖ.2.15.(1)(ii) പ്രകാരം മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യം എന്നീ മേഖലകളിലെ ഉല്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 5ലക്ഷം രൂപയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബിൽ നമ്പർ 417/17.03.2023 പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി സുനീത ബീവിയുടെ (സർവീസ് പെൻഷണർ) കുടുംബ വാർഷിക വരുമാനം 720000/- രൂപയാണ്. പദ്ധതിയ്ക്ക് വരുമാന സർട്ടിഫിക്കറ്റ് ബാധകമല്ലായെന്ന് കരുതിയാണ് നിർദ്ദേശിക്കപ്പെട്ട വാർഷിക വരുമാന പരിധിയിൽ കവിഞ്ഞ വരുമാനമുള്ള വ്യക്തിയ്ക്ക് ആനുകൂല്യം അനുവദിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. പദ്ധതി നിർവഹണ വേളയിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതും, അർഹരായവർക്ക് മാത്രമേ ആനുകൂല്യം അനുവദിക്കുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

2) എസ്റ്റിമേറ്റ് / ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചു.

പദ്ധതി ഗുണഭോക്താവായ ശ്രീമതി ഷീജ.ഡി. സബ്സിഡി ലഭിക്കുന്നതിനായി ലഭ്യമാക്കിയ ബില്ലുകൾ, തീയതി രേഖപ്പെടുത്താത്ത രാജ് ഇലക്ട്രിക്കൽസിൽ നിന്നുള്ള ക്വട്ടേഷൻ, അമ്മ ഹാർഡ്‌വെയേഴ്സിൽ നിന്നുമുള്ള എസ്റ്റിമേറ്റ് എന്നിവയാണ്. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിയ ഒറിജിനൽ ബില്ലുകൾ ലഭ്യമാക്കാതെ എസ്റ്റിമേറ്റ് /ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചതിന്റെ കാരണം പദ്ധതി നിർവഹണത്തിലെ പരിചയക്കുറവാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ബില്ലിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതും കൃത്യമായ രേഖകൾ ലഭ്യമാക്കി മാത്രം സബ്സിഡി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0139/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി പട്ടികജാതി |
| അടങ്കൽ | 4400000/- |
| ചെലവ് | 1768080/- |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ 1 |

മേൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച ശ്രീമതി ബിന്ദു.ആർ. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 13.09.2020 -ന് വി.ഇ.ഒ യുമായി നിശ്ചിത കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വ്യക്തി കൈപ്പറ്റിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ / തീയതി | തുക |
|---|---|
| 85/15.09.2020 | 40000 |
| 198/12.01.2021 | 100000 |
| 230/10.02.2021 | 60000 |
| 457/24.03.2023 | 100000 |
| ആകെ കൈപ്പറ്റിയ തുക | 300000 |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ്ഥ നിലനിൽക്കെ 13.09.2020 -ന് കരാറിൽ ഏർപ്പെട്ട ശ്രീമതി ബിന്ദു.ആർ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/20.07.2023) മറുപടിയായി 10.02.2021 വരെ 200000/- രൂപ കൈപ്പറ്റിയിട്ടും തുടർനിർമ്മാണം ചെയ്യാൻ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും 2023 മാർച്ചിൽ ലിന്റൽ വരെ പൂർത്തീകരിച്ചതിനാൽ 100000/- രൂപ അനുവദിച്ചതായും അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത വ്യക്തിയുടെ വീടിന്റെ മേൽക്കൂര വാർത്തതായും ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| നമ്പർ | S0231/23 |
| പേര് | ഹരിത മിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ തുക | 204900/- വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 192900/- |
| ബിൽ നമ്പർ | 352/21.02.2023 തുക 50000/-<br>377/13.03.2023 തുക 142900/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി, ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020]. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 18/01/2023 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്ക്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022] പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് രണ്ട് ഘട്ടങ്ങളായി 192900/- രൂപ അനുവദിക്കുകയും ചെയ്തു. [സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022].

സർവീസ് ചാർജ്, എസ്.എം.എസ് ചാർജ് ഇനത്തിൽ 142900/- രൂപ ബിൽ നമ്പർ 377/13.03.2023 പ്രകാരം കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ലാപ്ടോപ് , QR കോഡ് (13000 എണ്ണം) എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊഫോർമ ഇൻവോയ്സ് (നം SGMS-A/2518/22-23 തീയതി 17/01/2023 തുക 62000/-) കെൽട്രോൺ നൽകിയതിനെ തുടർന്ന് അവ ലഭിക്കുന്നതിനായി കെൽട്രോൺ ഹെഡ്ഡുമായി സെക്രട്ടറി കരാർ ചമച്ചുവെങ്കിലും ലാപ്ടോപ് ലഭിക്കുന്നതിനുള്ള 50000/- രൂപ മാത്രമാണ് കെൽട്രോണിന് ബിൽ നമ്പർ 352/21.02.2023 പ്രകാരം കൈമാറിയത്. 18/04/2023 -ൽ

കെൽട്രോണിൽ നിന്നും QR കോഡ് ലഭ്യമായതായും, ആയതിന്റെ പ്രിന്റിങ് ചാർജ്ജായ 12000/- രൂപ നൽകുന്നതിനായി പദ്ധതി സ്പിൽ ഓവർ ആക്കിയതായും സി.എഫ്.സി ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് കെൽട്രോണിന് തുക കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15/19.07.2023 – ന്റെ മറുപടി)

| | |
|---|---|
| പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 16 |
| ആകെ ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം | 32 |
| ഡേറ്റ കളക്ഷൻ പൂർത്തീകരിച്ച് QR കോഡ് വിതരണം നടത്തിയ ഭവനങ്ങളുടെ എണ്ണം | 6126 |
| ഡാറ്റാ കളക്ഷൻ ആരംഭിച്ച തീയതി | 03/05/2023 |
| ഡേറ്റാകളക്ഷൻ പൂർത്തീകരിച്ച തീയതി | പൂർത്തീകരിച്ചിട്ടില്ല |
| മെറ്റീരിയൽ കളക്ഷൻ ആരംഭിച്ച ഭവനങ്ങളുടെ എണ്ണം | 6971 |
| മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ എണ്ണം | എം.സി.എഫ് -1<br>മിനി എം.സി.എഫ് - 6 |
| ഹരിത കർമ്മസേന അംഗങ്ങൾക്ക് സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിശീലനം ആരംഭിച്ച തീയതി | 03/05/2023 |
| പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ് ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് തുടങ്ങിയ തീയതി | 03/05/2023 |

ഡാറ്റാ കളക്ഷൻ എത്രയും വേഗം പൂർത്തീകരിച്ച് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് സിസ്റ്റം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കുടിവെള്ളക്കര കുടിശ്ശിക - ഫൈൻ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0241/23,<br>ആയുർവേദആശുപത്രി, ലൈബ്രറി കെട്ടിടങ്ങളുടെ കുടിവെള്ളക്കര കുടിശ്ശിക അടവാക്കൽ |
| അടങ്കൽ തുക | 1119393 (സി എഫ് സി ഗ്രാന്റ്) |
| ചെലവ് തുക | 1119393 |
| ബിൽ നമ്പർ | 166/25.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ആയുർവേദ ഹോസ്പിറ്റൽ, ലൈബ്രറി കെട്ടിടം എന്നിവയുടെ കുടിവെള്ളക്കര കുടിശ്ശിക അടയ്ക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആറ്റിങ്ങൽ വാട്ടർ അതോറിട്ടി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 30.07.22 ൽ KWA/AE1/ATL/322/2019ാം നമ്പരായി പഞ്ചായത്തിൽ ലഭ്യമായ കത്ത് പ്രകാരം, ആയുർവേദ ഹോസ്പിറ്റലിന്റെ 30.7.22 വരെയുള്ള കുടിശ്ശിക 132987/- രൂപയും, ലൈബ്രറി കെട്ടിടത്തിന്റെ കുടിശ്ശിക 2101774/- രൂപയുമാണ്. 03.11.22 ൽ നടന്ന ആംനെസ്റ്റി അദാലത്ത് 2022 പ്രകാരം ആയുർവേദ ഹോസ്പിറ്റൽ, ലൈബ്രറി കെട്ടിടം എന്നിവയുടെ കുടിവെള്ളക്കര കുടിശ്ശികയായി 146049/- രൂപ, 2172672/- രൂപ എന്നിങ്ങനെ ഡിമാന്റ് ചെയ്തതിൽ, യഥാക്രമം 118224/-, 1001169/- എന്നീ തുകകൾ ഒടുക്കിയിട്ടുണ്ട്.

ആംനെസ്റ്റി അദാലത്ത് 2022 പ്രകാരം കുടിവെള്ളക്കര കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| കൺസ്യൂമർ നമ്പർ | മുന്നിരിപ്പ് (മാർച്ച് 17 വരെ) | വാട്ടർചാർജ്ജ് Sep 22 വരെ | സർചാർജ്ജ് | ഫൈൻ | ആകെ | അടച്ച തുക |
|---|---|---|---|---|---|---|
| Kkk855/N | 464161 | 152040 | 78016 | 445766 | 1139983 | 1001169 |
| KKK/2359/N | 8907 | 49225 | 31919 | 28173 | 118224 | 118224 |

സ.ഉ.(കൈ) നം 43/2022/WRD തീയതി 28.6.22-ാം നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശപ്രകാരം കുടിശ്ശിക നിവാരണ തീവ്ര യജ്ഞത്തിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് പിഴ പലിശ, കൂട്ടു പലിശ എന്നിവ പൂർണമായി

ഒഴിവാക്കി കൊടുത്തുകൊണ്ട് കുടിശ്ശിക അടച്ച് തീർക്കുന്നതിനുള്ള അവസരം നല്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ, അത്തരത്തിൽ പിഴപലിശ ഒഴിവാക്കിയിട്ടില്ല. കൺസ്യൂമർ നം Kkk855/N ന് മുന്നിരിപ്പ്, വാട്ടർ ചാർജ്ജ് ഇനത്തിൽ 616201/- രൂപയും, സർചാർജ്ജ്, ഫൈൻ ഇനത്തിൽ 523782/- രൂപയും ഉൾപ്പെടെ ഡിമാന്റ് ചെയ്തിട്ടുള്ളതിൽ, സർചാർജ്ജ്, ഫൈൻ എന്നിവ ഒഴിവാക്കിയാൽ അടയ്ക്കേണ്ട തുക 616201/- രൂപയാണ്. എന്നാൽ, 1001169/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. 384968/- രൂപ സർചാർജ്ജ്, ഫൈൻ ഇനത്തിൽ അധികം ഒടുക്കിയിട്ടുണ്ട്.

കൺസ്യൂമർ നം Kkk2359/N ന് മുന്നിരിപ്പ്, വാട്ടർ ചാർജ്ജ് ഇനത്തിൽ 58132/- രൂപയും, സർചാർജ്ജ്, ഫൈൻ ഇനത്തിൽ 60092/- രൂപയും ഉൾപ്പെടെ ഡിമാന്റ് ചെയ്തിട്ടുള്ളതിൽ, സർചാർജ്ജ്, ഫൈൻ എന്നിവ ഒഴിവാക്കിയാൽ അടയ്ക്കേണ്ട തുക 58132/- രൂപയാണ്. എന്നാൽ 118224/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. 60092/- രൂപ സർചാർജ്ജ് ഫൈൻ ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് സർചാർജ്ജ്, പിഴപലിശ ഇവ ഉൾപ്പെടെ തുക ഒടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4 /15.7.23) മറുപടിയായി, വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് ലഭ്യമായ മറുപടി പ്രകാരം വാട്ടർചാർജ്ജ് കണക്കാക്കിയതിൽ ഉണ്ടായ പിശക് കാരണമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്ന് അറിയിച്ചു. വാട്ടർ അതോറിറ്റിയുടെ പ്രസ്തുത മറുപടി അവ്യക്തവും അപ്രസക്തവുമായതിനാൽ അംഗീകരിക്കുന്നില്ല. സ.ഉ.(കൈ) നം 43/2022/WRD തീയതി 28.06.22 ാം നം ഉത്തരവിലെ മാർഗ്ഗ നിർദ്ദേശപ്രകാരം ഫൈൻ, സർചാർജ്ജ് എന്നിവ ഒഴിവാക്കി യഥാർത്ഥ കുടിശ്ശിക തുക കണക്കാക്കി പുതുക്കിയ ഡിമാന്റ് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് അടിയന്തിരമായി അറിയിപ്പ് നല്കേണ്ടതാണ്. ഫൈൻ, സർചാർജ്ജ് ഇനത്തിൽ കൈപ്പറ്റിയ തുക 445060/- രൂപ (384968+60092) വാട്ടർ അതോറിട്ടിയിൽ നിന്നും ഈടാക്കുകയോ, അല്ലെങ്കിൽ തുടർ ബില്ലുകളിൽ പ്രസ്തുത തുക കുറവ് ചെയ്യുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വാട്ടർടാങ്ക് വിതരണം, വൃദ്ധർക്ക് കട്ടിൽ എന്നീ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

1) പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി.പി)

| | |
|---|---|
| നമ്പർ | S0118/23 |
| പേര് | പി.വി.സി വാട്ടർ ടാങ്ക് വിതരണം (എസ്.സി.പി) |
| അടങ്കൽ തുക | 486400 /-<br>(വികസന ഫണ്ട് എസ്.സി.പി - 360000/- മറ്റുള്ളവ - 126400/-) |
| ചെലവ് | 348540/- (വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 312/31.01.2023, തുക 348540/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലുള്ള 152 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് 75% സബ്സിഡിയോടു കൂടി വിതരണം ചെയ്യുക എന്നതാണ് മേൽ പ്രോജക്ടിന്റെ ലക്ഷ്യം. ടെണ്ടർ നടപടികൾക്കു ശേഷം 15/12/2022 -ലെ 1(8) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പി.ജി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 3140/- രൂപയ്ക്ക് അംഗീകരിക്കുകയും 152 ടാങ്കുകൾക്ക് സപ്ലൈ ഓർഡർ നൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 111 വാട്ടർ ടാങ്കുകളാണ് പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

മേൽ പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് 75% സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനായുള്ള പ്രോജക്ടിൽ 111 വാട്ടർ ടാങ്കുകളും വാങ്ങുന്നതിനായി വികസന ഫണ്ട് എസ്.സി.പി വിഹിതമാണ് (111 X3140 = 348540/-) ചെലവഴിച്ചിരിക്കുന്നത്. 111 വാട്ടർടാങ്കുകൾക്കായി ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 87135/- (111*785) ചെലവഴിക്കാതെ മുഴുവൻ തുകയും വികസന ഫണ്ട് എസ്.സി.പി വിഹിതത്തിൽ നിന്ന് ചെലവഴിച്ചിരിക്കുന്നു.

2) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ പി.ജി എന്റർപ്രൈസസിന് (ഇൻവോയ്സ് നം. 13/30.01.2023 തുക 348540/-) തുക അനുവദിച്ചപ്പോൾ ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (26/20.7.23)മറുപടിയായി, പദ്ധതി സ്പിൽ ഓവർ

ആയി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം ഉടൻ തന്നെ സ്ഥാപനത്തിന് കൈമാറുമെന്നും, കോമ്പൗണ്ട് ഡീലറായതിനാലാണ് ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്യാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കോമ്പോസിഷൻ ജി.എസ്.ടി അടക്കുന്ന ഡീലറിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണെന്നുണ്ട്. ജി എസ് ടി കുറവ് ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) വൃദ്ധർക്ക് കട്ടിൽ (എസ്.സി.പി)

| | |
|---|---|
| പദ്ധതിയുടെ നമ്പർ | S0116/23 |
| പേര് | വൃദ്ധർക്ക് കട്ടിൽ(എസ്.സി.പി) |
| അടങ്കൽ തുക | 435000/-<br>( വികസന ഫണ്ട് എസ്.സി.പി - 435000/-) |
| ചെലവ് | 315000/- (വികസന ഫണ്ട് എസ്.സി.പി) |
| ബിൽ നമ്പർ | 339/14.02.2023 തുക 150000/-<br>365/02.03.2023 തുക 60000/-<br>376/13.03.2023 തുക 105000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിനു താഴെ പ്രായമുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവം ചെയ്തിട്ടുള്ളത്. ടെണ്ടർ നടപടികൾക്കു ശേഷം 15/12/2022 -ലെ 1(13) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ബ്രാൻഡഡ് ഇന്റീരിയേഴ്സിന് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 3000 രൂപയ്ക്ക് അംഗീകരിച്ചു. 105 കട്ടിലുകളാണ് പ്രോജക്ട് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ ബ്രാൻഡഡ് ഇന്റീരിയേഴ്സിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി. ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

| ബിൽ നമ്പർ | ജി.എസ്.ടി ഒഴികെയുള്ള തുക |
|---|---|
| 339/14.02.2023 | 123000 |
| 365/02.03.2023 | 49200 |
| 376/14.02.2023 | 88970 |
| ആകെ തുക (ജി.എസ്.ടി ഒഴികെ) | 261170 |

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (26/20.7.23) മറുപടിയായി, പാർട്ട്ബിൽ ആയി നല്കിയതു കാരണമാണ് ജി എസ് ടി സോഴ്സിൽ കുറവ് ചെയ്യാത്തതെന്നും വരും വർഷങ്ങളിൽ ജി എസ് ടി സോഴ്സിൽ കുറവ് ചെയ്ത് മാത്രം ചെലവ് നടത്താൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലനം - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0128/23,<br>കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 500000 (വികസന ഫണ്ട് 250000/-,<br>ഗുണഭോക്തൃവിഹിതം 250000/-) |
| ചെലവ് തുക | 250000/- |
| ബിൽ നമ്പർ | 22011052058001372902, 16.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0130/23,<br>കന്നുകുട്ടി പരിപാലനം Scp |
| അടങ്കൽ തുക | 375000 (വികസന ഫണ്ട് 187500/-,<br>ഗുണഭോക്തൃവിഹിതം 187500/-) |
| ചെലവ് തുക | 112500/- |
| ബിൽ നമ്പർ | 304/28.1.23, 75000/-<br>313/2.2.23, 25000/-<br>372/9.3.23, 12500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകരുടെ നാലുമുതൽ ആറുമാസം പ്രായമുള്ള പശുക്കുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നു. പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ടും 50% ഗുണഭോക്തൃവിഹിതവും വഹിക്കുന്നു. ക്രമ നം 1 പ്രകാരമുള്ള പദ്ധതിയ്ക്ക് 20 ഗുണഭോക്താക്കളേയും 2 പ്രകാരമുള്ള പദ്ധതിയ്ക്ക് 9 ഗുണഭോക്താക്കളേയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, മുൻ വർഷങ്ങളിൽ ചെലവഴിച്ച തുകയിൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/ 16.7.23) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | പ്രോജക്ട് നമ്പർ | SLBPയ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2018-19 | 19/2018-19 | 625000 | 555661 | 69339 | പൂർത്തീകരിച്ചു 20.12.20 |
| 2 | 2019-20 | 128/2019-20 | 425000 | 366463 | 58537 | തുടർന്നുകൊണ്ടിരിക്കുന്നു |
| 3 | 2020-21 | 161/20-21 | 250000 | 192168 | 57832 | പൂർത്തീകരിച്ചു 12.9.22 |
| 4 | 2020-21 | 168/20-21 | 137500 | 83455 | 54045 | തുടർന്നുകൊണ്ടിരിക്കുന്നു |
| 5 | 2021-22 | 102/21-22 | 637500 | 492941 | 144559 | തുടർന്നുകൊണ്ടിരിക്കുന്നു |
| 6 | 2021-22 | 123/21-22 | 150000 | 107330 | 42670 | തുടർന്നുകൊണ്ടിരിക്കുന്നു |
| 7 | 2022-23 | 73/22-23 (Spill Over) | 425000 | 196484 | 228516 | തുടർന്നുകൊണ്ടിരിക്കുന്നു |
| 8 | 2022-23 | 128/22-23 | 250000 | 4460 | 245540 | തുടർന്നുകൊണ്ടിരിക്കുന്നു |
| 9 | 2022-23 | 130/22-23 | 112500 | 24304 | 88196 | തുടർന്നുകൊണ്ടിരിക്കുന്നു |

പൂർത്തീകരിച്ച പദ്ധതികളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാണ്ടേതും മറ്റുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-26 കീഴാറ്റിങ്ങൽ എൽ.പി.എസിന് ക്ലാസ് റൂം - ചെലവ് 20,33,282/- രൂപ - പ്രോജക്ട് അംഗീകാരം വാങ്ങി നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0037/23 |
| പ്രോജക്ടിന്റെ പേര് | കീഴാറ്റിങ്ങൽ എൽ.പി.എസിന് ക്ലാസ് റൂം നിർമ്മാണം (SO) |
| അടങ്കൽ | 33,282/- (വികസന ഫണ്ട്) |
| ചെലവ് | 33,282/- |
| കരാറുകാരൻ | ഷിറാസ്.എ.എൻ. |
| എം ബുക്ക് നമ്പർ | 57/20-21, 156/20-21 |

| | |
|---|---|
| ബിൽ നമ്പർ | 10/10.05.2022 |
| ഭരണാനുമതി | 3(1)/31.08.2019 |
| സാങ്കേതികാനുമതി | 92473/18.10.2019 |

കീഴാറ്റിങ്ങൽ എൽ.പി.എസിന് വരാന്തയുൾപ്പെടെ, മൂന്ന് ക്ലാസ്റൂം നിർമ്മിക്കുന്നതിനുവേണ്ടി 2019-20 വർഷം 35,60,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏകവർഷ പ്രോജക്ടായി അംഗീകാരം വാങ്ങിയ പ്രവൃത്തി (S0211/20).

ഏക വർഷ പ്രോജക്ടായി അംഗീകാരം വാങ്ങിയ പ്രവൃത്തി നാല് വർഷങ്ങളിലായി വിവിധ ഫണ്ടുകൾ വകയിരുത്തിയിട്ടും പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തിയുടെ രണ്ട് പാർട്ട് ബില്ലുകളിലും റിട്ടൻഷൻ കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റിലെ 17 മുതൽ 35 വരെയുള്ള ഇനങ്ങൾ ഒഴിവാക്കിയാണ് ബിൽ തുകകൾ നൽകിയിരിക്കുന്നത്.

പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 23/20.07.2023ന്റെ മറുപടി).

| വർഷം | തുക | ഫണ്ട് |
|---|---|---|
| 2019-20 | 0 | - |
| 2020-21 | 19,07,237 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2021-22 | 92,763 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2022-23 | 33,282 | വികസന ഫണ്ട് |
| ആകെ | 20,33,282 | |

പ്രവൃത്തി സംബന്ധിച്ച മേൽ വിഷയങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ചുവടെ ചേർക്കും പ്രകാരമാണ്.

'ക്ലാസ്റൂം നിർമ്മാണത്തിനായി 2019-20 വർഷം 35,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത വർഷം പ്രവൃത്തിക്കായി സി.എഫ്.സി ഫണ്ട് വകയിരുത്തിയിട്ടുള്ളതുമായിരുന്നു. എന്നാൽ, 2020-21 വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം സി.എഫ്.സി തുക 20,00,000/- രൂപയായി പരിമിതപ്പെടുത്തുകയും ശേഷിക്കുന്ന തുക സംസ്ഥാനാവിഷ്കൃത ഫണ്ടായി ഉൾപ്പെടുത്തുകയുമാണുണ്ടായത്. സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ അതുവരെ നിർമ്മാണം പൂർത്തിയായ പ്രവൃത്തികൾ ഉൾപ്പെടുത്തി 21,38,982/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണുണ്ടായത്. മേൽ സാഹചര്യത്തിലാണ് ഒറിജിനൽ എസ്റ്റിമേറ്റിലെ 17 മുതൽ 35 വരെയുള്ള ഇനങ്ങൾ ഒഴിവാക്കേണ്ടതായി വന്നത്. കെട്ടിടത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 20 ലക്ഷം രൂപ ആവശ്യമുള്ളതാണ്. പ്രസ്തുത തുക ലഭിക്കുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്'.

പാർട്ട് ബിൽ നൽകിയ സമയത്ത് റിട്ടൻഷൻ തുക കുറവ് ചെയ്യാൻ വിട്ടുപോയത് അമിതജോലിത്തിരക്ക് മൂലം സംഭവിച്ചുപോയതാണെന്നും ഭാവിയിൽ മേൽവിഷയത്തിൽ ശ്രദ്ധ ചെലുത്തുന്നതാണെന്നും, നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

തനത് ഫണ്ട് വരുമാനം തീരെ കുറവായ ഗ്രാമപഞ്ചായത്ത് ആയതിനാൽ തനത് ഫണ്ട് വകയിരുത്തി എൽ.പി.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും അടുത്ത പദ്ധതി രൂപീകരണ വേളയിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 23/20.07.2023 ന്റെ മറുപടി). തൻവർഷവും പദ്ധതി വിഹിതത്തിൽ വൻ തുക പാഴായതായി കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഫണ്ട് വകയിരുത്തി നിർമ്മാണം പൂർത്തിയാക്കി കെട്ടിടം പ്രയോജനപ്രദമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവായ തുക പാഴ്ചെലവായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.



ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കാതെ, പ്രോജക്ടിന് ഭരണാനുമതിയും അതുവഴി സാമ്പത്തികാനുമതിയും നൽകി, എസ്റ്റിമേറ്റ് തയ്യാറാക്കി നാല് വർഷങ്ങൾ കഴിഞ്ഞിട്ടും 20,33,282/- രൂപ ചെലവഴിച്ചതിന് ശേഷവും കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമായി നിലനിൽക്കുന്നത് അഭികാമ്യമല്ല. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-27 അയ്യംപുതുക്കൽ ഓട നവീകരണം - കൃത്യമായ സ്ഥലപരിശോധനയുടെയും വ്യക്തമായ എസ്റ്റിമേറ്റിന്റെയും അഭാവത്തിൽ പ്രവൃത്തി നിർവ്വഹണം - 26,323 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0038/23 |
| പ്രോജക്ടിന്റെ പേര് | അയ്യംപുതുക്കൽ ഓട നവീകരണം (SO) |
| അടങ്കൽ | 12,28,951 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 12,28,951 |
| കരാറുകാരൻ | ബാജി.എം. |
| എം ബുക്ക് നമ്പർ | 223/21-22 |
| ബിൽ നമ്പർ | 43/06.07.2022 |
| ഭരണാനുമതി | 1(2)/19.01.2021 |
| സാങ്കേതികാനുമതി | 8170/18.02.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

2020-21 ൽ അംഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തി 2021-22 വർഷവും (S0166/22) നടപ്പാക്കിയില്ല. പ്രവൃത്തിക്കായി ടെന്റർ ക്ഷണിച്ചതിൽ L1, L2 എന്നിവ ചുവടെ ചേർക്കും പ്രകാരമായിരുന്നു.

L1 - സോമൻ.ബി - 11,75,628.65

L2 - ബാജി.എം. - 13,38,498.23

കുറഞ്ഞ തുക ക്വാട്ട് ചെയ്ത സോമൻ.ബി എന്ന കരാറുകാരനുമായി 25.08.2021ൽ കരാർ ചമച്ചെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. 18.12.2021 ൽ മുന്നറിയിപ്പ് കത്ത് നൽകിയെങ്കിലും പ്രവൃത്തി ആരംഭിക്കുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യാഞ്ഞതിനാൽ ഭരണസമിതി തീരുമാനം നമ്പർ 1(9)/03.02.2022 പ്രകാരം പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി. L1 തുകയിൽ ബാജി എന്ന കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു.

രണ്ട് അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 'Construction Of Drain Along The Road' എന്ന് വിവരിച്ച് 1, 2, 3 എന്നീ ഇനങ്ങൾ Side Drain നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 'As The Length Of The Drain Is About 160 M The Item Of DR Masonary Is Exempted എന്ന് രേഖപ്പെടുത്തി രണ്ട് എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. അധികമായി ഉൾപ്പെടുത്തിയ ഇനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Exra Item 1 :- Labour Charge For Carrying And Placing RCC Slabs And Cleaning The Drain By Removing Garbage And Silt -

12 @614.17 = 7370.04

Exra Item 2 :- Providing And Fixing PVC Pipes Includes Jointing Of Pipes With One Step PVC Solvent Cement, Trenching, Refilling & Testing Of Joints Complee As Per Direction Of Engineer In Charge 25mm Dia 10KGF/cm2 -

144 M @208.22/m = 29983.68

എക്സ്ട്രാ ഇനം 2 - Providing And Fixing PVC Pipes 25mm Dia(For Water Supply To Replace The Damaged Pipes) എന്ന ഇനത്തിന് 144 മീറ്ററിന് 182.80 രൂപ നിരക്കിൽ 26,323.20/- രൂപ നൽകിയിട്ടുണ്ട്.

ഇത് കൂടാതെ 2022-23 വർഷം അയ്യംപുഴക്കൽ റോഡ് നവീകരണം എന്ന പുതിയ പ്രവൃത്തിക്കായി (നമ്പർ S0066/23) 4,48,591/- രൂപ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരമുള്ള വിവരം ഉൾപ്പെടുത്തിയിരുന്നു.

'The Proposed Road Lies In Ward7, Due To The Heavy Waterlogging Nature Of The Locality, A Drain Was Constructed Along The Centre Of The Road. Now The Road Is Unfit For Traffic. Hence Itis Extremly Important To Concrete Either Sides Of The Road'.

ഇതിൽ നിന്നും, ആദ്യ പ്രവൃത്തിയായി ഓട നിർമ്മാണം നടത്തിയത്, ആദ്യ എസ്റ്റിമേറ്റിന് വിരുദ്ധമായി റോഡിന്റെ മധ്യ ഭാഗത്തായാണെന്ന് വ്യക്തമാകുന്നു.

ഓടയുടെ നിർമ്മാണത്തിനായി കുഴിയെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന കുടിവെള്ള പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ, അവ മാറ്റി സ്ഥാപിക്കാൻ 25mm Dia PVC Pipes എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 29/21.07.2023 ന്റെ മറുപടി).

നിലവിലുള്ള റോഡിന്റെ വശങ്ങളിലായി ഓട നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മധ്യ ഭാഗത്ത് നിർമ്മിക്കുകയും കുടിവെള്ള പൈപ്പുകൾക്ക് കേടുപാടുകളുണ്ടാക്കുകയും ചെയ്യുക വഴി 26,323/- രൂപയുടെ അധിക ചെലവുണ്ടായി. ഇതുകൂടാതെ, 4,48,591/- രൂപ റോഡ് നവീകരിക്കുന്നതിനായും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതുണ്ട്.

വ്യക്തവും വിശദവുമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ 26,323/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S008/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 250000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 250000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നമ്പർ 189/7.12.2022 പ്രകാരം 2,50,000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. 2021-22 വർഷത്തെ മരുന്നുകൾ 23.3.2023-ലാണ് പൂർണ്ണമായും സ്ഥാപനത്തിൽ ലഭ്യമായതെന്നും കോവിഡ് കാലയളവിൽ പ്രതിരോധമരുന്ന് നിർമ്മാണത്തിനായി ഹോംകോ ശ്രദ്ധ കേന്ദ്രീകരിച്ചതിനാലാണ് ഈ കാലതാമസം ഉണ്ടായതെന്നും അറിയിച്ചു. അതിനുശേഷമാണ് മരുന്നുകളുടെ ഇന്റന്റ് സ്ഥാപനത്തിൽ നിന്നും അയച്ചതെന്നും താമസമില്ലാതെ മരുന്നുകൾ ലഭ്യമാക്കാമെന്നും ഹോംകോയിൽ നിന്നും ഉറപ്പ് ലഭിച്ചതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 1 ന്റെ മറുപടി).

മരുന്നുകൾ പൂർണമായും ലഭ്യമാക്കി, വിവരം അറിയിക്കേണ്ടതാണ്.

## 1-29 എഫ്.എച്ച്.സി - മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന 3 പ്രോജക്ടുകൾക്ക് മരുന്നുകൾ യഥാസമയം ലഭ്യമായില്ല.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0071/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| ഫണ്ട് | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് |

| | |
|---|---|
| അടങ്കൽ | 250000/- |
| ചെലവ് തുക | 249999/- |
| ബിൽ നമ്പർ | 15/21.5.22 |

PRF 3777 പ്രകാരം 20180 + 660 + 1723 + 489 + 4171 + 2245 + 4647 + 2113 +3690 + 10965 + 34355 + 14266 = 99504/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 150496/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0003/23 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി.യ്ക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| അടങ്കൽ | 1355700/- |
| ചെലവ് തുക | 1200000/- |
| ബിൽ നം. | 38/30.6.22 - 248191/-<br>84/20.9.22 – 248992/-<br>114/18.10.22 – 49452/-<br>202/14.12.22 – 253365/-<br>364/2.3.23 – 400000/- (100000/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല PRF 5281) |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0004/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണ പദ്ധതി |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് - റോഡിതരം, വികസന ഫണ്ട് – പൊതുവിഹിതം-സാധാരണ വിഹിതം |
| അടങ്കൽ | 1103854/- |
| ചെലവ് തുക | 995270/- |
| ബിൽ നമ്പർ | 13/19.5.22 – 32047/-<br>39/30.6.22 – 75823/-<br>24/3.6.22 – 58829/-<br>49/12.8.22 – 41718/-<br>63/30.8.22 – 33050/-<br>90/6.10.22 - 37128/-<br>138/7.11.22 – 37883/-<br>196/13.12.22 – 49306/-<br>255/7.1.23 – 10531/-<br>335/13.2.23 – 450000/- (മരുന്നുകൾ ലഭ്യമായില്ല PRF 4238)<br>418/17.3.23 – 5840/-<br>397/16.3.23 - 19862/-<br>399/16.3.23 – 20038/-<br>446/24.3.23 – 3561/-<br>478/27.3.23 – 115399/- (7 അനുബന്ധ സാധനങ്ങൾ ലഭ്യമായില്ല)<br>501/28.3.23 – 4255/- (മരുന്നുകൾ ലഭ്യമായില്ല PRF 5756) |

സബ്സിഡി മാർഗ്ഗരേഖ 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ മരുന്നുകൾ വാങ്ങുവാൻ പാടുള്ളൂ. മേൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാകുന്നതിനുവേണ്ടി 16.05.2023, 05.07.2023 തീയതികളിൽ ഓർമ്മക്കുറിപ്പ് അയച്ചതായി ഓഡിറ്റ് എൻക്വയറി നം. 7, 8 -ന് മറുപടിയായി അറിയിച്ചു.

മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S081/23 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി ഓഫീസിലേയ്ക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| അടങ്കൽ | 35000/- |
| ചെലവ് തുക | 35000/- |
| ബിൽ നമ്പർ | 224/28.12.22 - 30413/-<br>401/16.03.23 - 4587/- |

ബിൽ നമ്പർ 401/16.3.2023 പ്രകാരം 4587/- രൂപയുടെ ടോണർ, കാട്രിഡ്ജ് എന്നിവ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. നിലവിൽ ഈ സാധനങ്ങൾ ഉപയോഗിച്ചുവരുന്നതായും സ്റ്റോക്കിൽ എടുക്കാൻ വിട്ടു പോയതായും മേലിൽ ഇത്തരം വീഴ്ച സംഭവിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 9 ന്റെ മറുപടി).

എഫ്.എച്ച്.സി.യിൽ ലഭ്യമാകുന്ന മരുന്നുകളും അനുബന്ധ സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും കൃത്യമായി സ്റ്റോക്കിലെടുത്ത് ആധികാരികമായ കൈപ്പറ്റോടു കൂടി മാത്രം വിതരണം നടത്താനും അപാകം ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് പരിചരണം - മാർഗ്ഗരേഖ കൃത്യമായും പാലിക്കേണ്ടതാണ്

ക്യാൻസർ രോഗികൾ, ഹൃദയ -ശ്വാസ കോശ രോഗികൾ, പക്ഷാഘാതം പോലുള്ള കാരണങ്ങളാൽ ശരീരം തളർന്ന് കിടപ്പിലായവർ, പ്രായാധിക്യം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ തുടങ്ങിയ ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ളവർക്ക് അവരുടെ സാമൂഹികവും സാമ്പത്തികവും മാനസികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ പാലിയേറ്റീവ് പരിചരണങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ. 2.2 ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഖ.2.4.1 ആഴ്ചയിൽ 4 ദിവസമെങ്കിലും 9.30 മുതൽ 4.30 വരെ ഏകദേശം 8 രോഗികളെ കാണാവുന്ന വിധത്തിൽ ഹോം കെയർ ക്രമീകരിക്കേണ്ടതാണ്.

2.4.6 വാർഡടിസ്ഥാനത്തിൽ രോഗികളുടെയും കുടുംബങ്ങളുടെയും ഒത്തുചേരൽ സംഘടിപ്പിക്കാവുന്നതാണ്.

ഖ. 2.6.4- ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

ഖ.2.9.1 - പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. (ലഭ്യമാക്കിയ കമ്മിറ്റി 2021 ലേത്)

ഖ.2.9.2- ഇപ്രകാരം രൂപീകരിക്കുന്ന കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

ഖ.2.9.3- എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം പഞ്ചായത്ത് തലത്തിൽ

നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ മെഡിക്കൽ ഓഫീസർ യഥാസമയം സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. അവലോകന യോഗം നടത്തിയതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി പാലിയേറ്റീവ് പ്രവർത്തനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 212500 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 212500 | 0 |
| | | 0 | 24000 | ലൈഫ് ഭവന പദ്ധതി വ്യക്തിഗത ടോയ്ലെറ്റ് നിർമ്മാണം | 24000 | 0 |
| | | 0 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 0 | 192375 | സ്നേഹസ്പർശം | 192375 | 0 |
| | | 0 | 603427 | പാലിന് സബ്സിഡി -ജനറൽ | 603427 | 0 |
| | | 1056025 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1056025 |
| ആകെ | | 1056025 | 1132302 | | 1132302 | 1056025 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 119000 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 119000 | 0 |
| | | 0 | 320000 | ലൈഫ് പാർപ്പിട പദ്ധതി 2020 പട്ടിക ജാതി | 320000 | 0 |
| | | 0 | 100000 | ലൈഫ് പാർപ്പിട പദ്ധതി (ജനറൽ)(SO) | 100000 | 0 |
| | | 0 | 380000 | ലൈഫ് പാർപ്പിട പദ്ധതി | 380000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) | | |
| | 0 | 192375 | സ്നേഹസ്പർശം | 192375 | 0 |
| | 0 | 150000 | ക്ഷീര സമൃദ്ധി | 150000 | 0 |
| | 12150 | 0 | മുൻവർഷത്തെ പ്രോജക്കുകൾ | 0 | 12150 |
| ആകെ | 12150 | 1261375 | | 1261375 | 12150 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1080025 | 1108302 | 2188327 | 1132302 | 1056025 | 1056025 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 12150 | 1261375 | 1273525 | 1261375 | 12150 | 12150 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 31/23 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 125118 | 125118 | 0 |
| | 27/23 പോസ്റ്റ് ഷിഫ്റ്റിംഗ് | 103032 | - | 103032 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (ലെഡ്ജർ പ്രകാരം) | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം (DB/UC-KDKVR-GP/2022-23 /90/20.09.2022) | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 4001628 | 228150 | 4229778 | 175000 | 4054778 | 4229778 |

യഥാർഥ നീക്കിയിരിപ്പം ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള നീക്കിയിരിപ്പം തമ്മിൽ വ്യത്യാസമുണ്ട്. അപാകം ഖണ്ഡിക 1-1-6 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം ലഭിച്ച തുക (RP -31 | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ |
|---|---|---|---|---|---|

| | | തുക | (പ്രകാരം) | (സുലേഖ ചെലവ് പത്രിക (പ്രകാരം) | (പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 5886000 | 3540000 | 1641171 | 7784829 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി |
|---|---|---|---|---|
| AA No. 081570/14852 (സബ് ട്രഷറി, ആറ്റിങ്ങൽ) | 150000 | 8.75% | 22.12.2014 | 22.12.2014 |

പ്രസ്തുത സ്ഥിരനിക്ഷേപത്തിന് തൻവർഷം പലിശയിനത്തിൽ 13,176/- രൂപ ലഭിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 | 3.8.3 | 2006-07 | തൊഴിൽ പരിശീലന പദ്ധതികൾ നടപ്പാക്കിയതുവഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം | കോടതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 12041259 |
| ഓഡിറ്റ് വർഷത്തെ വരവ് | 36673153 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 38444694 |
| നീക്കിയിരിപ്പ് | 10269718 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,323 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 26,323 | ശ്രീമതി ബിന്ദു.ജെ.എൽ.അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു.ജെ.എൽ. അസിസ്റ്റന്റ് എഞ്ചിനീയർ | സീനിയർ കൺസൾട്ടന്റ്, ശുചിത്വ മിഷൻ, പബ്ലിക് ഓഫീസ്, തിരുവനന്തപുരം | പുണർതം, മരുതറ, കാലടി, കരമന.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1679/2022 തീയതി 03.10.2022 | 1 |
| 2008-09 | | 1 |
| 2012-13 | | 3 |
| 2013-14 | | 1 |
| 2015-16 | | 1 |
| 2016-17 | | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2406/18 തീയതി .04.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/02/2020 തീയതി 13.10.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1287/2021 തീയതി 11.11.21 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/529/2022 തീയതി 27.05.2022 | 33 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/338/2023 തീയതി 22.03.2023 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 01-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadakkavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadakkavoor Grama Panchayat for the year 2022-2023

Date: 26/09/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kadakkavoor Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

* Financial Ratios

2) DD deposited but amount not credited in bank.

3) Advance register does not match with accounts and not kept updated.

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) Advance amount remains unadjusted.

6) Expenditure on deposit works for which utilization certificate has been received is not adjusted under advance head.

7)The valuation of stock and stores has not been done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

8) Details of accounts opened for vathilpadi sevanam has not been included in Annual Financial Statement.

9) Depreciation not provided for certain assets.

10) The Amount which is received from ground water department after utilisation of deposit work is wrongly booked under audit recovery head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്